THE
CHURCH WEEKLY

Vol. VIII. | SUNDAY 15T AUGUST 1954 | PRICE 2 ANNAS A COPY | NO. 32

# THE CHURCH IN INDIA

Dr: N. Zernov

(The following article was published in "Cruader" Delhi)

A Newcomer's impressions are often vivid but they usually lack both depth and balance. It is a rash thing to write about the Church in India, after only ten months of work here, but my only justification for presenting this article is an unusual angle from which it is written, for it is seldom that a member of the Eastern Church comes to India as an educationalist.

So I start with introducing myself to my readers. I am a Russian by origin but most of my adult life has been spent in England working in the field of Christian Unity. This was first as a secretary of the Fellowship of St. Albans and St, Serguis and since 1947 as a Spalding Lecturer in Eastern Orthdox culture at Oxford. I was invited by the Syrian Christians of Travancore to act as the Principal of their newly founded Catholicate College at Pathanamthitta for the academic year 1953—54. This invitation came quite unexpectedly. I had never thought of India as a possible place of activity and I came without any special knowledge of religious conditions in this part of the world. Due however, to my previous, connection with the Ecumenical Movement and the Fellowship of St. Albans and St. Serguis, I was able to visit a number of centres of Christian education in other parts of India and Ceylon where I met several members of the Fellowship now engaged in missionary work. Such is the limited character of my contacts with the Churches in India. They were mostly but not exclusively confined to Travancore yet they included also lectures in theological colleges in other parts of India.

## Western Christianity in India

My first and most striking impression of Indian religious conditions is *the powerful hold which community still has over the individual* Modern India lives in the atmosphere of communal loyalty which was so pronounced in Medieval Europe and which is so foreign to the contemporary secularized West. Here the religion of an individual, specially of a woman, does not depend on his or her own decision but on the community to which he or she belongs, It seems to me that a good deal of missionary labour in the past has been wasted and some is still being wasted because it has been based on individualistic principles, so alien to the bulk of Asiatic people. Baptism in India is not only the confession of faith in the Holy Trinity and the Incarnation, but also the expression of the convert's willingness to leave his own community to be transplanted in a new one. The latter is not always welcome. It confronts newcomer with special difficulty of being stamped with a seal of forgiveness, and this explains the reluctance in many Hindus to accept baptism though they profess belief in Christ as the Lord and Saviour of mankind When the prestige of Western civilization stood high this foreignness of churches in India acted at times as an additional attraction, but at present it is a serious impediment

So my second impression is that *the Indian Church has not yet been born*, though there are many indications pointing to the approach of this momentous event. Western Christianity came to India in its sectarian form, each denomination bringing with it the name, language and outlook of the particular corner of Europe or America in which it originated. So Indians in order to become Christians had to take the name of Scottish Presbyterian. American Methodist or Swedish Lutheran, or be known by the letters S. P. G, C. M. S or L. M. S. I remember a remark of one of the Luthern theologians who complained that several Indian languages had no words expressing certain points of Lutheran theology, so foreign is the typically Germanic approach to religion to the Indian mind. Yet many Indian Christians have to pass through the door of a Lutheran dogmatic system if they wish to join Christ's flock. It is only in the recent decades that both Indian Christians and their Western teachers have realized the need of an *Indian* Church. The problem of Indianization of Christianity without confusing it with Hinduism is seen as an urged one by an increasing number of Church leaders. The Church of South India is a step in the right direction but even that Church is still a Western Protestant denomination planted in the soil of an ancient Eastern Culture. India today has many devot missionaries some of them are foreigners, others are Indians, but the Christian communities in India are not in most cases missionary-minded bodies

capable of attracting into their fold new members by the vigour and inspiration of their corporate life.

### The Eastern Outlook

My third impression is *that no further expansion of Christianity in India is likely to take place until Eastern and Western Christians bring to an end their present rivalry* and replace it by living and loving cooperation. Being myself a member of the Orthodox Church I can be easily accused of prejudice in its favour but I hope that I am objective when I emphasise the need for Indian Christians who are members of Western denominations knowing more about the Eastern Church. I have lectured in most of the leading theological colleges in India on the main characteristics of the Eastern approach to Christianity. It was not only a paradox for a man like me coming from the West to explain to the Indian students the fundamentals of the Eastern tradition, but it was also a surprise to all to learn that the Indian theological students know much less than the English theologians about the Eastern Church. The lively discussions that everywhere accompanied my lectures were a proof to me that Eastern Christianity was an object of great interest to my audience. On many occasions I heard the opinion expressed that the Eastern interpretation was nearer to Indian mentality than the Western one. There is nothing unexpected about this, for the Indian profile possesses many typical characteristics of the Eastern outlook. Great and lasting are the contributions of Western Churches to the life of the Indian people and I am far from advocating an exclusively Eastern tradition for the Indian Church. Rather I am of the opinion that the Church here needs such a presentation of Christian truth as will harmonise and combine Eastern and Western interpretations.

This conviction brings me to my last point: *the significance of the Syrian Orthodox of Travancore for the whole Indian Church*, because they alone represent the Eastern tradition among the Christians in this country. It is one of the great misfortunes of Church history in this part of world that as soon as the Portugese arrived they embarked on a campaign of Latinization of that ancient Church and their policy was imitated by the protestant missionaries who were all convinced of the superiority of the Western tradition. They tried, therefore, to suppress Eastern customs and outlook, and replace them by their own tenets. A deep rooted suspicion of all Western Christians spread among the Syrian Orthodox; and this feeling, combined with the agressiveness of Western Christians both Latin, and Protestant, made any fruitful contacts between the Indian Orthodox Christian and the newcomer most difficult.

The Orthodox Church of Travancore is only very slowly abandoning its isolation and beginning to cooperate with other Christians. The process proceeds in two directions; on the one hand the Syrians show a willingness to participate in the Ecumenical Movement, and on the other, they come closer to the main body of the Eastern Orthodox Church which follows the Byzantine tradition. This is distinct from the group of oriental national churches to which the Syrians belong. The Christians in Travancore have been in communion with the Monophysite Patriarch of Homes (Syria) since the XVIIth century, but they themselves have remained Orthodox in faith. In 1910 a more progressive section of that Church, known as the Catholics party, declared its independence from the control of the remote Arab prelate, dropping the nickname 'Jacobites' which it unfortunately picked up as the result of its Monophysite connections, and restoring its proper title 'Orthodox.' This section is the most enlightened one The Western Churches in India ought to establish closer relation with it for the benefit of both sides. There is also in Travancre the Mar Thoma Church, a group of Eastern Christians which split from the main body under the impact of Protestant Missions. They altered their teaching in conformity with the teaching of the Evangelical school of thought, but retained the Eastern type of services It is missionary minded community and co-operation with it can be of great help Indians following the Western rites can learn from the Mar Thomites the richness of Orthodox worship, and the latter can be envigorated by the broader and more ecummenical outlook of modern Protestantism.

It is not easy to forget past grieviances and to forgive past offences but it is high time for Eastern and Western Christians in India to join their ranks. Instead of suspecting and criticizing each other they should start building together a united Christian community which welcomes the best contributions from both sides The growing realization of the need of mutual assistance raises the vital problem of *where the roots of distinction between the Eastern and Western Christian lie*

(*To be continued*.


## THE BANK OF NEW INDIA Ltd.

### H. O. TRIVANDRUM

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
„ E. J. Philipose B. A. B. L. Trivandrum.
„ N. O. Inasu, Trichur,
„ P. C. Kurian M. A. B. L., Madras.
„ C. J. John B. A. Kottayam.
„ P. T. Varughese, Perumpavoor.
„ P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

<u>അസ്സീസ്സിയിലെ ഫ്രാൻസിസ് 7</u>

# കിളി കൂടു വിട്ടു

എം. കുഞ്ഞൻ ബി. എസ്സ്സി., കോതമംഗലം

എന്തു്? പകൽ സ്വപ്നം കാണുകയോ? എന്താണീ കേട്ടതു്? അതു വാസ്തവംതന്നെയോ? പീദ്രോ ബർണാർഡൺ കണ്ണൊന്നു തിരുമ്മിത്തുറന്നു. അതേ, നല്ല പ്രകാശമുള്ള പകൽ. സന്ദേശവാഹി അടുത്തുതന്നെ നിൽപുണ്ടു്. താൻ സ്വപ്നം കാണുകയായിരുന്നില്ല. ആ പിതൃഹൃദയം ഒന്നു ഞെരങ്ങി.

തന്റെ മക്കളിൽ തന്റെ കുടുംബത്തിൽ, അഭിമാനം കൊള്ളുന്ന ഒരു പിതാവാണു് പീദ്രോ. പല നല്ല ഗുണങ്ങളും വിളങ്ങിയിരുന്ന ഒരു വണിഗ്വരൻ. പക്ഷേ അവയെല്ലാംതന്നെ ആത്മപരിതൃപ്തിയോടു് ബന്ധിക്കപ്പെട്ടിരുന്നു. ബന്ധിച്ച ചരടിന്റെ ദൈർഘ്യമനുസരിച്ചു് അവരുടെ ശക്തി കൂടിയും കുറഞ്ഞുമിരിക്കുമെന്നു മാത്രം. ഭാര്യയും കുട്ടികളും സുഖമായി കഴിയുന്നതിനുവേണ്ടി, വീട്ടു് ഒരുയർന്നനിലയിൽ സംരക്ഷിക്കുന്നതിനു വേണ്ടി, പീദ്രോ അദ്ധ്വാനിച്ചു പണിയെടുത്തു, പണം സമ്പാദിച്ചു. കുതിരപ്പുറത്തും കോവർ കഴുതകളുടെ കൂടെയും ദീർഘദൂരം സഞ്ചരിച്ചു് ചരക്കുകൾ ശേഖരിച്ചു. ആൽപ്സ് കടന്നു് പ്രൂവൻസിലേക്കും അതിനും വടക്കു് നോർമൻഡിലേക്കും വാണിജ്യാവശ്യത്തിനു് യാത്രചെയ്തിരുന്നു. കവർച്ചക്കാരുടെയും കൊള്ളക്കാരുടെയും ശല്യം ഗുരുതരമായിരുന്ന അക്കാലത്തു് ഈ യാത്രകൾ വളരെ ഹൃദ്യമായിരുന്നിരിക്കില്ല. ഇങ്ങനെയൊരു യാത്രയിലാണു് പീദ്രോ പ്രൂവൻസിൽ വച്ചു് ഒരു പ്രഭുകുമാരിയായ പൈക്കായെ കണ്ടതും വിവാഹ നിശ്ചയം ചെയ്തതും. സ്വന്തമായിട്ടുള്ളതിനെയെല്ലാം പീദ്രോ അങ്ങേയററം സ്നേഹിച്ചു. സ്വന്തം ഭാര്യ, സ്വന്തമക്കൾ, സ്വന്തം ഭൃത്യന്മാർ — ഇവരുടെ കാര്യത്തിലെല്ലാം അത്യുദാരമായി ചെലവു ചെയ്യാനും ആ ഗൃഹനാഥൻ ഒരുക്കമായിരുന്നു. പ്രൂവൻസിലായിരിക്കുന്ന സന്ദർഭത്തിലാണു് തനിക്കൊരു പുത്രനുണ്ടായ വാർത്ത പീദ്രോയ്ക്കു കിട്ടിയതു്. അത്യാഹ്ലാദഭരിതനായ പിതാവു്, തനിക്കൊരുത്തമ ഭാര്യയെ പ്രദാനം ചെയ്ത പ്രിയപ്പെട്ട നാടിന്റെ സ്മരണയ്ക്കായി കുഞ്ഞിനു് ഫ്രാൻസിസ്കോ— കൊച്ചു ഫ്രഞ്ചുക്കാരൻ—എന്ന പേർ നൽകുകയാണുണ്ടായതു്. കുട്ടി പ്രായമായതോടെ, അവന്റെ ധാരാളിത്തങ്ങളൊന്നും ഒരിക്കലും ആ പിതാവിനെ അലട്ടിയില്ല. നേരേമറിച്ചു് അതു തന്റെ പേരിനെ ഉയർത്തുമെന്നു കണ്ടു് ആ പിതാവു സന്തോഷിച്ചതേയുള്ളു.

പിതാവിന്റെയും പുത്രന്റെയും ജീവിതഗതികൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നുവെന്ന വസ്തുത മറച്ചു വച്ചിട്ടാവശ്യമില്ല. പീദ്രോ പൊങ്ങച്ചക്കാരനും പെട്ടെന്നു് കുപിതനാകുന്ന പ്രകൃതക്കാരനുമാണു്; ഫ്രാൻസിസ്സാകട്ടെ, വിനയത്തിന്റെ ഒരുൽകൃഷ്ടമാതൃകയാണു്. ഒരു യജമാനനായിരിക്കുന്നതാണു് പീദ്രോയ്ക്കു് ഏറെയിഷ്ടം. ഫ്രാൻസിസ് സദാ ഒരു ഭൃത്യനായി സ്വയം പരിഗണിച്ചു. പീദ്രോ പണത്തിൽ കൊതി മൂത്ത ഒരു കുബേര ദാസനാണു്. ഫ്രാൻസിസിനു പ്രചോദനം നൽകുന്നതുതന്നെ ദാരിദ്ര്യകുമാരിയാണു; ചിലപ്പോൾ ആ യുവാവു് പണത്തെ വെറുത്തിരുന്നുവെന്നുപോലും തോന്നിപ്പോകും. കുടുംബപ്രതാപവും കീർത്തിധാവള്യവുമായിരുന്നു പിതാവിന്റെ ലക്ഷ്യങ്ങൾ. പുത്രനാകട്ടെ, ദരിദ്രരിൽ ദരിദ്രനായി കഴിയുന്നതിനാണു് ആഗ്രഹിച്ചതു.

പുത്രൻ പിതാവിനെ വളരെയധികം ഭയന്നാണു് വളർന്നു വന്നതു്. ആ ഭയം വളരെക്കാലം ആ യുവാവിനെ ഞെരുക്കി ശ്വാസം മുട്ടിച്ചിരുന്നു. അതിൽനിന്നു വിമുക്തനാകുന്നതിനുള്ള ശ്രമങ്ങൾ ആദ്യമാദ്യം ഫലപ്രദങ്ങളായില്ല ...

പീദ്രോബർണാർഡൻ ഒന്നു ഞെട്ടി. കഠിനമായ രോഷം കത്തിജ്വലിച്ചു. എന്തു്? ഓമനിച്ചോമനിച്ചു്, എന്തും നൽകി വളർത്തിക്കൊണ്ടുവന്ന വാത്സല്യനിധി, തലതെറിച്ചവനെപ്പോലെ, കുടമുടിച്ചു്, എവിടെയോ കിടന്ന ഒരു പുരോഹിതന്റെ കൂടെ താമസമാക്കിയിരിക്കുന്നുപോലും. ഇതിൽ പരം അപമാനമെന്തുള്ളൂ? ആകാശക്കോട്ടകൾ ഒന്നോടെ തകർന്നു വീഴുകയാണു്. അരിശം ഉഗ്രരൂപം പൂണ്ടു; ആ പിതാവു് ധൃതഗതിയിൽ യാത്രയായി.... ...

ഉഗ്രകോപമൂർത്തിയായി കുന്നിറങ്ങി വരുന്ന പിതാവിനെ കണ്ടു സംഭീതനായ പുത്രൻ, ഉടൻ ഒളിച്ചു മാറിക്കളഞ്ഞു. പിതാവിനോടുള്ള ഭയം, അദ്ദേഹത്തെ നേരിടുന്നതിന്നു് ഫ്രാൻസിസിനെ അനുവദിച്ചില്ല.

സാധാരണയായി മനുഷ്യദൃഷ്ടിക്കെത്തപ്പെടാത്ത ഒരു ഗുഹയിലേക്കു് യുവാവു് താമസം മാററി. കുഷ്ഠരോഗികളെപ്പററിയുണ്ടായിരുന്നതിനേക്കാൾ ശക്തമായ ഒരു ഭയമായിരുന്നിരിക്കണം ഫ്രാൻസിസിനു പിതാവിനെപ്പററിയുണ്ടായിരുന്നതു്.

ഒരു മാസക്കാലം ആ ഗുഹയിൽ ഒളിച്ചുപാർത്തു. ദൈവം അവിടെ ഫ്രാൻസിസിനോടുകൂടിയുണ്ടായിരുന്നു. പ്രാർത്ഥനയുടെയും ആന്തരികമായ പോരാട്ടത്തിന്റെയും ആ ഏകാന്ത ദിവസങ്ങളിൽ ഫ്രാൻസിസ് ദൈവത്തോടു് കൂടുതലായി അടുത്തു. താൻ ഉത്തമമായ ഒരു നിലപാടല്ല അവലംബിച്ചിരിക്കുന്നതെന്ന ബോദ്ധ്യം മനസ്സിൽ രൂഢമൂലമായിത്തുടങ്ങി. ദൈവത്തിന്റെ ഭടൻ യാതൊരുവിധ പീഡയിൽനിന്നും മറഞ്ഞിരുന്നുകൂടാ. ഒരു മാസം കഴിഞ്ഞപ്പോഴേക്കും ഫ്രാൻസിസ് ഒരു തീരുമാനത്തിലെത്തി. പോയി, പിതാവിനെ അഭിമുഖീകരിക്കുകതന്നെ. തന്റെ പഴയ സുഹൃത്തുക്കളുടെ പരിഹാസത്തിനും നിന്ദയ്ക്കും സ്വയം വെളിപ്പെടുത്തി കൊടുക്കുക. ഗുഹയിൽ ഏകാന്തമായി നയിച്ച ഏതാനും ആഴ്ചകൾ ഫ്രാൻസിസിനെ ശക്തനും ധീരനുമാക്കിയിരുന്നു.

ഒരു പ്രഭാതത്തിൽ, യാചകവേഷധാരിയായ ഒരു യുവാവു് അസ്സീസ്സിയിലെ പൊതുനിരത്തിൽ പ്രത്യക്ഷപ്പെട്ടു. ഉറക്കമൊഴിഞ്ഞു കുഴിഞ്ഞ കണ്ണുകൾ ശരിയ്ക്കു ആഹാരം കഴിക്കാതെ ക്ഷീണിച്ചു് അവശമായ ശരീരം, വിളറിവിവർണ്ണമായ വദനം. ആത്മശുദ്ധീകരണത്തിന്റെ രണ്ടാമത്തെ വിധി നിർണ്ണായകനിമിഷം ആസന്നമാകുന്നു. ലോകമൂല്യങ്ങളെ പരസ്യമായി വെല്ലുവിളിക്കുന്ന ആദ്യത്തെ നാടകീയരംഗം സജ്ജീകൃതമാവുകയാണു്.

പട്ടണവാതിൽ കടന്നയുടനെ ഒരു സംഘം കുട്ടികൾ ഫ്രാൻസിസിനെ വളഞ്ഞു. "കിറുക്കൻ, മുഴുഭ്രാന്തൻ" അവർ കൂകിവിളിച്ചു. ഒരുത്തൻ ഒരു കല്ലെടുത്തെറിഞ്ഞു. മററു ചിലർ ചരൽക്കല്ലുകളും പൂഴിയും വാരി എറിയാൻ തുടങ്ങി. തൊഴിലില്ലാത്ത തെരുവുപിള്ളേർ ആർത്തുവിളിച്ചും പരിഹസിച്ചും പുറകേ കൂടി.

എത്ര വളരെ ഭിന്നമായ ഒരു സ്വീകരണം! അസ്സീസ്സിയിലെ തെരുവിലൂടെ പ്രഭുകുമാരപരിസേവ്യനായി പാടിത്തകർത്തു് അന്തസ്സിൽ വിഹരിച്ച ക

ഞ്ഞിരുന്ന വത്തകകുമാരൻ, ഇതാ തെരുവുപിള്ളേരുടെ പരിഹാസശരവ്യമായി അവരുടെ ഏറുകൊണ്ട് അവശനാകുന്നു! സങ്കടത്തിന്റെ ഒരുവഴിത്താര. ഫ്രാൻസിസ് ഒരക്ഷരം ഉരിയാടുന്നില്ല. നടക്കുകതന്നെ മുമ്പോട്ട്. ജനക്കൂട്ടം പുറകിൽനിന്ന് കൂകിവിളിക്കുകയും പരിഹസിച്ചു ചിരിക്കുകയും ചെയ്യുന്നുണ്ട്. ചില കൽകഷണങ്ങൾ വന്നു വീണ് മുഖം അവിടവിടെ മുറിഞ്ഞു ചോര ഒലിക്കുന്നു. വസ്ത്രത്തിലങ്ങിങ്ങായിമണ്ണേറു പിടിച്ചു ചെളിപുരണ്ടു. ഓരോ വളവു തിരിയുന്തോറും പീഡകരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. വഴിക്കുള്ള വീടുകളുടെ ജാലകങ്ങളിലും വാതിലുകളിലും വദനങ്ങൾ പ്രത്യക്ഷപ്പെട്ടു. എന്താണീ കേൾക്കുന്നതെന്നറിയാൻ. ആരവാരത്താൽ അല്പസ്വല്പം ആകൃഷ്ടനായ പീട്രോബർണാർഡൻ കടയിൽ നിന്നു് പുറത്തേക്കു എത്തിനോക്കി. അദ്ദേഹം കണ്ടു.

ഹാവൂ! തലകറങ്ങുന്നതുപോലെ തോന്നി. ഇത്രയധികം ജുഗുപ്സാവഹവും അവജ്ഞാജനകവുമായ ഒരു രംഗത്തിനു സാക്ഷി നിൽക്കേണ്ടിവരുമെന്ന് അഭിമാനധനനായ ആ പിതാവു് സ്വപ്നേപി ചിന്തിച്ചിരുന്നില്ല. പട്ടണത്തിലെ സമസ്തജനങ്ങളുടെയും സ്നേഹവാത്സല്യങ്ങൾക്ക് പാത്രീഭൂതനായി, ഒരുയന്നസാമൂഹ്യനിലയ്ക്കനുസരണം ജീവിച്ചുപോന്ന തന്റെമകൻ ഇങ്ങനെയുള്ള കരുത്തക്കേടിനും അപമാനത്തിനും ഇടയാകുമെന്നു അദ്ദേഹം വിചാരിച്ചിട്ടു കൂടിയില്ല.

ആ കാഴ്ച ആ പിതൃഹൃദയത്തെ അതികഠിനം മുറിപ്പെടുത്തി. പീട്രോ ശമധനനായ ഒരു സിദ്ധനൊന്നുമായിരുന്നില്ല. കണ്ണിൽ ഇരുട്ടു കയറി. രോഷാകുലനായി ഏങ്ങലടിയോടേ ഒരു ഭ്രാന്തനെപ്പോലെ പുറത്തേക്കോടി. മകനെ പിടിച്ച് വീടിനുള്ളിലേക്കു വലിച്ചിഴച്ചു. ഭ്രാന്തു പിടിച്ചിട്ടെന്നവണ്ണം പീട്രോമകനെ നിഷ്കരുണം അടിച്ചു. ഒരുഅറയിൽ പിടിച്ചടച്ചിട്ടു, വാതിൽ പൂട്ടുകയും ചെയ്തു. ഫ്രാൻസിസ് എതിർക്കുകയോ ഒരക്ഷരം പ്രതിഷേധിക്കുകയോ ചെയ്തില്ല. ആ വിനയസ്വഭാവം പിതാവിന്റെ കോപത്തെ അടക്കാൻ പര്യാപ്തമായില്ല—കുറഞ്ഞ പക്ഷം ബാഹ്യമായിട്ടെങ്കിലും.

ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരു കച്ചവടയാത്ര പോകേണ്ടിവന്നു. കോപത്തിന്റെ ഉഗ്രത ശമിച്ചപ്പോൾ അദ്ദേഹം ഏററവുമധികം ക്ലേശിച്ചു. ദുസ്സഹമായ മനോവ്യഥ സ്വാസ്ഥ്യം കരണ്ടുതിന്നു. രോഷം വീണ്ടും ഹൃദയത്തിൽ സ്ഥാനം പിടിച്ചു. അറ ഭദ്രമായി ബന്ധിച്ചശേഷം, ആ വത്തകപ്രമാണിയാത്രതിരിച്ചു. ഹൃദയം തകന്ന ഒരുപിതാവ്!

അമ്മ എന്നും അമ്മതന്നെയാണ്. സ്നേഹോജ്വലിതമായ ദൗർബല്യമാണ് ഒരർത്ഥത്തിൽ അമ്മയെ അമ്മയാക്കുന്നതു്. പീട്രോ ദൃഷ്ടിക്കുമറഞ്ഞുകഴിഞ്ഞതോടെ, പൈക്കാ അകത്തേക്കോടി, അറയുടെ പൂട്ടു ഭേദിച്ചു, മകനെ സ്വതന്ത്രനാക്കി. ഫ്രാൻസിസിനെ തഴുകികൊണ്ടു് അവർ കേണപേക്ഷിച്ചു. പിതാവിനു് അനിഷ്ടമായതൊന്നും ചെയ്യരുതേയെന്ന്. സ്നേഹധനനായ സ്വപിതാവിനും ക്രിസ്തുവിനും, ഇരുവക്കും ഹിതകരമായ ഒരുമാർഗ്ഗം കണ്ടുപിടിക്കാൻ തീർച്ചയായും സാധിക്കുമെന്നു അമ്മ വാദിച്ചു നോക്കി. മകൻ യുക്തിസഹമായ മറുപടി നൽകി: സത്യവുമായി വിട്ടുവീഴ്ച ചെയ്യാൻ തനിക്കു സാദ്ധ്യമല്ലെന്ന് തീർത്തു പറഞ്ഞു. ദീർഘനിശ്വാസത്തോടെ അമ്മ വിവാദമവസാനിപ്പിച്ചു. അമ്മയ്ക്കു സ്നേഹാർദ്രമായ ഒരുമ്മ കൊടുത്തു് ഫ്രാൻസിസ് പുറത്തേക്കിറങ്ങി നടന്നു, വേദനിപ്പിക്കുന്ന ഹൃദയവുമായി ആ അമ്മ നോക്കിനിന്നു; നയനങ്ങളിൽ ജലകണങ്ങൾപൊടിഞ്ഞു.

# ഇവാൻസ്ററൺ സമ്മേളനം

എം. സി. കുറിയാക്കോസ് റമ്പാൻ

അഖിലലോക സഭാകൗൺസിലിന്റെ രണ്ടാമത്തെ സമ്മേളനം ഇവാൻസ്റ്റനിൽവെച്ചു് ഇന്നു് ആരംഭിക്കുന്നതാണ്. നാല്പത്തെട്ടു രാജ്യങ്ങളിൽ പ്പെട്ട 161 സഭകളിൽനിന്ന് അറുനൂറോളം ഔദ്യോഗികപ്രതിനിധികൾ അതിൽ സംബന്ധിക്കും. തിരുകൊച്ചിയിലെ തെന്നിന്ത്യാ സഭയിൽ നിന്നു ബിഷപ്പു ജേക്കബ്, തിരുമേനിയും, മാർത്തോമ്മാ സഭയിൽ നിന്നു അതിന്റെ മെത്രാപ്പോലീത്താ തിരുമേനിയും രണ്ടു എപ്പിസ്കോപ്പന്മാരും, ഓർത്തഡോക്സ് സഭയിൽനിന്നു മാർ പീലക്സിനോസു തിരുമേനിയും രണ്ടു അച്ചന്മാരും അതിൽ പങ്കെടുക്കുന്നതാണല്ലൊ. ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഇംഗ്ലീഷിലും, ഫ്രഞ്ച് അറിയാവുന്നവർക്കു ഫ്രഞ്ച് ഭാഷയിലും ജർമ്മൻ ഭാഷ അറിയാവുന്നവർക്കു ആ ഭാഷയിലും പ്രസംഗങ്ങൾ കേൾക്കത്തക്ക ഒരു "ഭാഷാവര"രീതി അവിടെ സജ്ജീകൃതമാക്കിയിട്ടുണ്ട്. മാത്രമല്ല, അവിടെ വാദകോലാഹലപ്രക്ഷുബ്ധരംഗങ്ങൾ ഉണ്ടായാൽ ഇടപെട്ടു ശമിപ്പിക്കുന്നതിനു് ഏഴംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിററി സശ്രദ്ധം നിലകൊള്ളുന്നതായിരിക്കും.

ഇവാൻസ്റ്റൻ പട്ടണത്തിലുള്ള ആദ്യത്തെ മെതോഡിസ്റ്റു പള്ളിയിൽവച്ചു് ഇന്നു് ഒരു പ്രാരംഭ ശുശ്രൂഷ നടത്തപ്പെടും. അധ്യക്ഷന്മാർ ആറുപേരും അവിടെ സന്നിഹിതരായിരിക്കും. വേദവായന ഏശയ്യാ 7 53—ാം അദ്ധ്യായവും ഫിലിപ്പിയ ലേഖനം 2—ൽ 1മുതൽ 11വരെയുള്ള വാക്യങ്ങളും ആയിരിക്കും. കൂടാതെ എല്ലാ ദിവസവും രാവിലെയും സന്ധ്യക്കും ആ പള്ളിയിൽവച്ചു് ശുശ്രൂഷകൾ നടത്തപ്പെടും. സന്ധ്യാശുശ്രൂഷയ്ക്കു് ഒരേ ക്രമം ഉപയോഗിക്കപ്പെടും. എന്നാൽ ഓരോ സഭയുടെയും ആരാധനാസമ്പ്രദായം എല്ലാവർക്കും ആസ്വദിക്കുവാൻ തക്കവണ്ണം പ്രഭാതയാരാധന ഓരോ സഭയെ പ്രതിനിധീകരിച്ച് നടത്തപ്പെടും. 21—ാം തീയതി മാർത്തോമ്മാ മെത്രാപ്പോലീത്താതിരുമേനിയും, 25—ാം തീയതി ഒരു ഓർതോഡോക്സ് ബിഷപ്പും 29—ാംതീയതി ബിഷപ്പ് ജേക്കബ്,തിരുമേനിയും ആയിരിക്കും പ്രഭാതാരാധന നടത്തുന്നതു്. ഇവയ്ക്കു പുറമെ ചിക്കാഗോവിലെ അതി വിസ്തൃതമായ ഒരു മൈതാനത്തിൽവച്ചു് അതിവിപുലമായ ഒരു ശുശ്രൂഷയും ഈയാഴ്ചയിൽ നടത്തപ്പെടും. ഒരു ലക്ഷം ആളുകൾ അതിൽ സംബന്ധിക്കും. ഇരിപ്പിടങ്ങൾ മുഴുവൻ ബുക്കു ചെയ്തു കഴിഞ്ഞു.

"ക്രിസ്തു ലോകത്തിന്റെ പ്രത്യാശ" എന്നതത്രേ യോഗത്തിന്റെ പൊതുചിന്താവിഷയം. തെന്നിന്ത്യാ സഭയിലെ മധുര—രാംനാട് ബിഷപ്പായ ന്യൂബിജിൻ സമ്മേളനത്തിൽ ഇന്നു പ്രസ്തുതവിഷയം അവതരിപ്പിക്കും. ഈ വിഷയത്തെ Faith and order, Evangelism, social problem, International affairs, Inter-group Relation, The laity എന്നീ ആറു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. സമ്മേളനം ആറു ഗ്രൂപ്പുകളായി വിഭജിക്കപ്പെടുന്നതും ഓരോ ഗ്രൂപ്പ് ഓരോ വിഷയത്തെ കുറിച്ച് ചർച്ച നടത്തുന്നതും ഒടുവിൽ പൊതുസമ്മേളനത്തിൽ അതതു ഗ്രൂപ്പിന്റെ

ചിന്താഫലത്തെക്കുറിച്ച് ഓരോ റിപ്പോർട്ട് സമർപ്പിക്കുന്നതും, സഭാകൗൺസിലിന്റെ അഖിലലോകസന്ദേശം രൂപവൽക്കരിക്കപ്പെടുന്നതും ആകുന്നു. ഇവയ്ക്കു പുറമെ എല്ലാ ദിവസവും ഒരോ പൊതുയോഗം കൂടുന്നതും അതിൽ മേൽ പറഞ്ഞ വിഷയങ്ങളുടെ ഓരോ വശത്തെക്കുറിച്ച് പണ്ഡിതന്മാർ പ്രസംഗിക്കുന്നതും ആണ്.

കൗൺസിലിന്റെ ഘടനയെയും പ്രവർത്തനത്തെയും കുറിച്ച് കാര്യാലോചനാ യോഗത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കപ്പെടും. കൗൺസിലിന്റെ അടുത്ത അഞ്ചുവർഷത്തെ പ്രവർത്തനഗതി പ്രസ്തുത റിപ്പോർട്ടിനെ ആശ്രയിച്ചിരിക്കും. പുതിയ ഭാരവാഹികളും ആ യോഗത്തിൽ വച്ച് നിയമിക്കപ്പെടും. ഒടുവിൽ 31-ാം തീയതി ഒരു സ്തോത്രശുശ്രൂഷയോടു കൂടെ ഇവാൻസ്റ്റൻ സമ്മേളനം സമാപിക്കും.

ഈ അഖിലലോകസഭാ പ്രസ്ഥാനം കൊണ്ട് എന്തെങ്കിലും സാധ്യത ഉണ്ടോ? അംഗസഭകൾ ഒരുമിച്ചുകൂടി പ്രശ്നങ്ങളും സഹകരണ രീതികളും ചർച്ച ചെയ്യുന്നു; സംഖ്യയിലും ശക്തിയിലും വളരുന്നു. യുദ്ധാനന്തരം ക്ലേശിക്കുന്ന ജനങ്ങൾക്കും ക്രിസ്തീയ സ്ഥാപനങ്ങൾക്കുമായി 210 ലക്ഷം ഡോളറും 25000 ടൺ തുണിയും ഭക്ഷ്യസാധനങ്ങളും അയച്ചുകൊടുത്തു. മനുഷ്യജീവിതത്തോടു ക്രിസ്തീയവിശ്വാസത്തെ ഘടിപ്പിക്കുന്നതിനു ഒരു അഖിലലോക വേദശാസ്ത്ര സമ്മേളനം വിളിച്ചുകൂട്ടി. ഇങ്ങനെ ചില കാര്യങ്ങളൊക്കെയും കൗൺസിൽ അതിന്റെ ഒന്നാം സമ്മേളനത്തിനു ശേഷം കഴിഞ്ഞ ആറു വർഷങ്ങൾക്കിടയിൽ ചെയ്തിട്ടുണ്ട്. ആ നേട്ടങ്ങൾ പ്രശംസാർഹവുമത്രേ.

എന്നാൽ സർവപ്രധാനമായ പ്രശ്നം "അവർ എല്ലാവരും ഒന്നായിത്തീരണം" എന്ന ക്രിസ്തുനാഥന്റെ അഗ്രഹവും മഹാ പുരോഹിത പ്രാർത്ഥനയും നിറവേറുമോ എന്നതത്രേ.

എല്ലാ സഭക്കാരും പരസ്പരം വിശുദ്ധ കുർബാന അനുഭവിക്കുന്നതാണ് ഐക്യത്തിനുള്ള മാർഗ്ഗം എന്നു ചില പ്രോട്ടസ്റ്റന്റുവിഭാഗക്കാർ വാദിക്കുന്നു. അത് മാർഗ്ഗമല്ല, പരമലാക്ക് ആയിരിക്കണം എന്നു ചില കാതോലിക വിശ്വാസികൾ എതിർത്തു വാദിക്കുന്നു. "സർവസഭാ വാ പൊളി സമ്പ്രദായം" നന്നല്ല, നീതീകരിക്കത്തക്കതല്ല; സഭകളുടെ ചട്ടംകെട്ടുകളെ തകർത്ത് ഒരു അരാജകാവസ്ഥ ഉളവാക്കുന്നതുമാണ്."

ശീശ്മകളും വിശ്വാസ വിപരീതങ്ങളും നിൽക്കുമ്പോൾ ഒരു സഭയിൽപ്പെട്ടവർ മറ്റു സഭകളിൽനിന്നു കർമ്മങ്ങൾ സ്വീകരിച്ചുകൂടാ എന്നത്രെ അവരുടെ നില.

ബിഷപ്പ് ബ്രെൻറ്, ബിഷപ്പ് മാനിഞ്ഞ് എന്ന രണ്ടു മഹാശയന്മാരാൽ 1910-ാമാണ്ട് ആരംഭിക്കപ്പെട്ടതത്രേ അഖിലലോകസഭാപ്രസ്ഥാനം. അതു വളർന്ന് 1948-ാമാണ്ട് ആംസ്റ്റർഡാമിൽ വച്ച് അഖിലലോക സഭാകൗൺസിലായി രൂപാന്തരപ്പെട്ടു. ഈ അഖിലലോക സഭാപ്രസ്ഥാനത്തിന്റെ ആദ്യ വർഷങ്ങളിൽ അതിൽ അംഗത്വം ഉണ്ടായിരുന്ന സഭകൾ വിശ്വാസതത്വങ്ങൾക്കു വലിയ പ്രാധാന്യം കല്പിച്ചിരുന്നില്ല. എന്നാൽ വർഷങ്ങൾ കടക്കവെ, സഭയേയും കൂദാശകളേയുംപറ്റിയുള്ള ചിന്ത വർദ്ധിച്ചും ഉപദേശതത്വങ്ങളിലുള്ള ബോദ്ധ്യം ശക്തപ്പെട്ടും തുടങ്ങി. തൽഫലമായി ഉപദേശതത്വങ്ങളിലുള്ള ഐക്യം അസാദ്ധ്യമാണെന്നു തെളിഞ്ഞു തുടങ്ങി. യോഗങ്ങളിലെ മതതത്വാന്തരീക്ഷം അത്ര ആസ്വാദ്യകരമല്ല. സഭ ഒന്നായിരുന്നകാലത്ത് വിശ്വാസനിലയിലേക്ക് ഓരോ സഭയുടേയും പ്രതിനിധികൾ തിരിഞ്ഞുനോക്കിയിരുന്നെങ്കിൽ നന്നായിരുന്നു. ദുരഭിമാനം അതിനു അവരെ സമ്മതിക്കുന്നില്ല. ഓരോ സഭയുടേയും പ്രതിനിധികൾ അവരവരുടെ വിശ്വാസ നില കൂടുതൽ പഠിക്കുകയും കൂടുതൽ നീതീകരിക്കുകയും ചെയ്യുന്നു. തന്മൂലം എപ്പിസ്കോപ്പേലിയന്മാർ കുറേക്കൂടെ ഉറച്ച എപ്പിസ്കോപ്പേലിയന്മാരും ബാപ്റ്റിസ്റ്റുകാർ കുറേക്കൂടെ ഉറച്ച ബാപ്റ്റിസ്റ്റുകാരും, പ്രെസ്ബിറ്റേറിയന്മാർ കുറേക്കൂടെ ഉറച്ച പ്രെസ്ബിറ്റേറിയന്മാരും, ഓർത്തഡോക്സുകാർ കുറേക്കൂടെ ഉറച്ച ഓർത്തഡോക്സുകാരുമായിത്തീർന്നുമടങ്ങുന്നു.

വിശ്വാസത്തിൽ കാര്യമായ വ്യത്യാസങ്ങൾ അത്രയധികം ഇല്ല എന്നു മുമ്പുണ്ടായിരുന്ന ധാരണ കുറഞ്ഞു വരുന്നു. ആകയാൽ സഭകളുടെ പുനരൈക്യം അത്ര എളുപ്പമല്ല എന്ന് എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. വിലയേറിയവയായി ഓരോ കൂട്ടരും കരുതുന്ന വിശ്വാസസത്യങ്ങളെക്കുറിച്ച് വിട്ടുവീഴ്ചകൾ ചെയ്‌വാൻ പഠിത്തവും അറിവുമുള്ള ആരും സമ്മതിക്കയില്ല. എപ്പിസ്കോപ്പേലിയന്മാരുടെ അഭിപ്രായത്തിൽ പുനരൈക്യപ്പെടുന്ന ഭാവി സഭയിൽ പട്ടാഭിഷേകവും മാമോദീസായും ക്രിസ്തുസാന്നിദ്ധ്യമുള്ള വിശുദ്ധബലി മുതലായവയും ഉണ്ടായിരിക്കണം. ഇതുപോലെ തന്നെ ബാപ്റ്റിസ്റ്റുകാരും പ്രെസ്ബിറ്റേറിയന്മാരും അവരവരുടെ വിശ്വാസാചാരങ്ങൾ നിലനിർത്തുവാൻ വേണ്ടി ഉറച്ചു വാദിക്കും. ഏതെങ്കിലും സഭയുടെ വിശ്വാസം ദൈവത്തോടുള്ള അവിശ്വസ്തതയാണ് എന്ന് അഖിലസഭാ കൗൺസിൽ വിധിക്കയില്ല. പലകാര്യങ്ങളെക്കുറിച്ചു ചർച്ചനടത്താമെന്നല്ലാതെ യാതൊന്നിനെക്കുറിച്ചും തീരുമാനം ചെയ്‌വാൻ ആ സമ്മേളനത്തിനു സാധ്യമല്ല. അഖിലസഭാ കൗൺസിലിനു അതിൽ അംഗത്വമുള്ള സഭകളെക്കൊണ്ട് യാതൊന്നും ചെയ്യിക്കുവാൻ കഴിവില്ല. അതിന്റെ ശക്തി പൂജ്യവും അതിന്റെ അധികാരം സീറോയും ആകുന്നു. എങ്കിലും അതു ഒരു അഖിലലോക സഭാ വിനോദയാത്ര മാത്രമാണ് എന്നു വിധിക്കപ്പെട്ടുകൂടാ. അതു ഇപ്പോൾ നിഷ്പ്രയോജനമെന്നു തോന്നപ്പെട്ടേക്കാമെങ്കിലും അതു മൂലം വൻ കാര്യങ്ങൾ ദൈവം പ്രവർത്തിച്ചേക്കാം. ആർ അറിയുന്നു? നൂററി അറുപത്തൊന്നു സഭകളുടെ പ്രതിനിധികളെ അതു ഒരുമിച്ചു കൂട്ടുന്നു എന്നതു തന്നെ ഒരു വൻ കാര്യമല്ലയോ?

**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോട്ടുകൾ മൂലയോട്ടുകൾ, തറയോട്ടുകൾ, കണ്ണാടിയോട്ടുകൾ, പുകയോട്ടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:
P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

## വാരപഞ്ചാംഗം

| | ആഗസ്റ്റ് | ചിങ്ങം |
|---|---|---|
| ഞായർ | 15 | 30 |
| തിങ്കൾ | 16 | 31 |
| ചൊവ്വാ | 17 | 1 |
| ബുധൻ | 18 | 2 |
| വ്യാഴം | 19 | 3 |
| വെള്ളി | 20 | 4 |
| ശനി | 21 | 5 |

### Thought for the Week

The Christian nation will, I think, be prepared to defend by force others who are being oppressed; but so far as its own interest is concerned, it will choose rather to perish than to stain its soul by the passion of war. Nor do I believe that until some nation has done this, there will be any hope of international civilisation.

Archbishop Temple.

THE CHURCH WEEKLY

## ഇവാൻസ്റ്റൺസമ്മേളനം
## II

അഖിലലോക സഭാകൗൺസിലിന്റെ രൂപവൽക്കരണം, പ്രാരംഭം, പ്രധാനനേതാക്കന്മാർ മുതലായവയെപ്പററി ഏററവും സംക്ഷിപ്തമായ ഒരു വിവരണം നൽകുവാൻ കഴിഞ്ഞലക്കത്തിൽ ഞങ്ങൾ ശ്രമിച്ചിരുന്നു. ലോകം ഒട്ടുക്കുള്ള ക്രിസ്ത്യൻ സഭകളുടെ ഭാവിയേയും തന്മൂലം അന്താരാഷ്ട്രീയ ബന്ധങ്ങളെയും ജീവിതത്തെയും സാരമായി സ്പർശിക്കുന്ന ഒരു പ്രധാനസംഘടന എന്ന നിലയിൽ സഭാകൗൺസിലിനെപ്പററിയുള്ള നമ്മുടെ അറിവും അതിന്റെ പ്രവർത്തനങ്ങളിലുള്ള താൽപ്പര്യവും വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തിലേക്ക് മാന്യവായനക്കാരുടെ ശ്രദ്ധ പതിയണമെന്നു മാത്രമേ ഈ ലേഖനപരമ്പരകൊണ്ട് ഉദ്ദേശിക്കുന്നുള്ളു. കൗൺസിലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച സമഗ്രമായ ഒരു അറിവു നൽകുവാൻ ഈ ലേഖനങ്ങൾ നിശ്ചയമായും അപര്യാപ്തമാണ്. അതുകൊണ്ട് ഇവാൻസ്റ്റൺ സമ്മേളനനടപടികളും മററും പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങളും ലഘുലേഖകളും വായിച്ച് അവയെപ്പററി കൂടുതൽ വിവരങ്ങൾ ലഭിക്കുവാൻ ശ്രമിക്കണമെന്നുള്ള ഒരു അഭ്യർത്ഥനയാണ് ഞങ്ങൾക്കു വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുവാനുള്ളത്. കൗൺസിലിന്റെ ആറു പ്രസിഡണ്ടന്മാരിൽ രണ്ടുപേരുടെ പേരുകൾ കഴിഞ്ഞലക്കത്തിൽ നല്കിയിരുന്നു. മററു നാലുപേർ ഫ്രാൻസിലെ ഡോക്ടർ മെയർ ബോയെനർ, (Dr. Mare Boegner) നോർവയിലെ എയിവിൻഡ് ബെർഗ്രാവ് (Eivind Berggrav) ഇപ്പോഴത്തെ കാൻറർബറി ആർച്ചുബിഷപ്പ് ഡോക്ടർ ജ്യോഫ്റി ഫിഷർ. അമേരിക്കൻ മെത്തഡിസ്റ്റ് ബിഷപ്പായ ബ്രോലി ഓക്സ്നാം ബിഷപ്പുമാണ്' ഇവർ നാലുപേരും വിഷമപ്രശ്നങ്ങളിൽ സുധീരമായ ക്രിസ്ത്യൻ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള ലോകാഭിവന്ദ്യന്മാരായ നേതാക്കന്മാരാണ്. പാരീസിലെ ഡോക്ടർ ബോയനർ കഴിഞ്ഞ യുദ്ധകാലത്തു് പാസ്റ്റർ നീമോളറെപ്പോലെ ക്രിസ്തീയമായ മനസ്സാക്ഷിക്കുവേണ്ടി അധികാരകേന്ദ്രങ്ങളെ എതിർത്ത ഒരു ധീരനാണ്. ഹിററ്ലരുടെ ജർമ്മൻസൈന്യം ഫ്രാൻസിൽ പ്രവേശിച്ചപ്പോൾ ഫ്രാൻസിലെ നവീകരണസഭയുടെ അദ്ധ്യക്ഷനായ ഡോക്ടർ ബോയെനർ ഐക്യകക്ഷികൾ ബെർലിനിൽ ബോംബേറു നടത്തുന്നതിനു് പ്രതിഷേധിച്ച ഒരു പബ്ലിക്ക പ്രസ്താവന നൽകണമെന്നു് ബർലിനിൽ നിന്നു് ആജ്ഞലഭിക്കുകയുണ്ടായി. സേച്ഛാപ്രഭുത്വത്തിന്റെ അവതാരമൂർത്തിയായിരുന്ന ഹിററ്ലരുടെ സുഗ്രീവാജ്ഞയ്ക്കു് ഡോക്ടർ ബോയനർ നൽകിയ മറുപടി ഇതായിരുന്നു. "ഫ്രാൻസിലെ ഹ്യൂജനോട്ട് സഭ ഒരു ലൗകീകാധികാരിയുടെ നിർദ്ദേശമനുസരിച്ചു പൊതു പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തുക പതിവില്ല" ദുരധികാര പ്രമത്തരായ ഗവണ്മെൻറധിപന്മാരുടെ കണ്ണുരുട്ടുകൾ കണ്ടു ഭയപ്പെട്ടു് അവർ ആവശ്യപ്പെടുന്ന എന്തും സ്വയരക്ഷയ്ക്കുവേണ്ടിയെന്ന മിഥ്യാബോധത്തിൽ ചെയ്യുവാൻ തയാറാകുന്ന സഭാനേതാക്കന്മാർക്ക് പാസ്റ്റർ നിമോളർ ഡോക്ടർ ബോയനർ മുതലായവരുടെ മാതൃകകൾ ധൈര്യം നൽകുമെന്നുള്ളതിനു് സംശയമില്ല. അതുപോലെതന്നെ യുദ്ധകാലത്തു, ക്രിസ്തീയമനസ്സാക്ഷിക്കുവേണ്ടി സുധീരനിലപാട സ്വീകരിച്ച മറെറാരു ധീരനേതാവാണ് നോർവയിൽ ഓസ്ലോയിലെ ആർച്ചുബിഷപ്പായ (ലൂത്തറൻസഭ) എയിവിൻസ്സ് ബർഗ്ഗറി. ജർമ്മനി നോർവെ ആക്രമിച്ചു് അവിടെ കുപ്രസിദ്ധമായ ക്വിസ്ളിംഗ് ഭരണം നടന്നുകൊണ്ടിരുന്നപ്പോൾ 1100ൽ പുരോഹിതന്മാർ ഒരുമിച്ചു രാജികൊടുത്ത ഒരു സംരംഭത്തിനു അദ്ദേഹം നേതൃത്വം വഹിക്കുകയുണ്ടായി. മററു ആറു ബിഷപ്പന്മാരും കൂടെ ഒപ്പുവച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു ഇടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. "അക്രമത്തിനും അനീതിക്കും പിന്തുണ നൽകി പ്രജകളുടെ മനസ്സാക്ഷിയെ ഹേമിക്കുവാൻ ഗവണ്മെൻറുകൾ മുതിരുമ്പോൾ, സഭ മനസ്സാക്ഷിയുടെ കാവൽഭടനായി വർത്തിക്കേണ്ടതാണ്" ഇവിടെ ദിവംഗതരായ ഡോക്ടർ ഏബ്രഹാം മാർത്തോമ്മയും ചങ്ങനാശ്ശേരി ബിഷപ്പ് ഡോ. ജയിംസു കാളശ്ശേരിയും സി. പി. ഭരണകാലത്തു് അവലംബിച്ച നയം ബ്രിട്ടന്റെ അധീശഭരണമുണ്ടായിരുന്നതുകൊണ്ട് നോർവെയിലെപ്പോലെ ആപൽക്കരമായിരുന്നില്ല. ബിഷപ്പ് ബർഗ്രാവ് ബന്ധനസ്ഥനാക്കപ്പെടുകയും, യുദ്ധാനന്തരം മാത്രം വിമുക്തനാകുകയുമാണുണ്ടായതു്. സഭാകൗൺസിലിന്റെ ആറു പ്രസിഡണ്ടന്മാരെ കൂടാതെ 90 പ്രതിനിധികളടങ്ങിയ സെൻട്രൽകമ്മിററിയുണ്ട്. ആംസ്റ്റർഡാം കഴിഞ്ഞശേഷം, വുഡ്സ് ചോട്ടൻ (ഹോളണ്ട്) ചിചെസ്റ്റർ (ഇംഗ്ലണ്ട്) ടൊറന്റോ (കാനഡ) റോൾ (സ്വിററ്സർലാൻഡ്) ലക്നൗ (ഇൻഡ്യാ) എന്നീ സ്ഥലങ്ങളിൽ വച്ച് സെൻട്രൽകമ്മിററിയുടെ സമ്മേളനങ്ങൾ നടന്നു. ഏററവും പ്രധാനമായ സെൻട്രൽ കമ്മിററിയുടെ അദ്ധ്യക്ഷനായിരിക്കുന്നതു് ചിചെസ്റ്റർ ബിഷപ്പ ഡോക്ടർ ബെൽ ആണ്. വൈസ്പ്രസിഡണ്ടു ന്യൂയോർക്കിലെ ഡോക്ടർ ഫ്രാങ്ക്ളിൻ ക്ലാർക്ക ഫ്രൈ ആണ്. സഭാകൗൺസിലിനു് ഒരു എക്സിക്യൂട്ടിവ്" കമ്മിററിയുണ്ട്. അതിന്റെ അംഗങ്ങൾ ആറു പ്രസിഡണ്ടന്മാരും, സെൻട്രൽകമ്മിററിയുടെ ഓഫീസർമാരും, 12 മററംഗങ്ങളുമാണ്. പ്രസിഡണ്ട് ഡോക്ടർ ബെല്ലും വൈസ്പ്രസിഡണ്ട് ഡോക്ടർ ഫ്രൈയും എക്സിക്യൂട്ടീവ് കമ്മിററിയിലെ എക്സ് ഒഫീഷ്യോ അംഗങ്ങളാണ്. ലോകസഭാകൗൺസിലിനു് ഒരു മുദ്ര സ്വീകരിച്ചിട്ടുണ്ട്. ഒരു കപ്പലും അതിൽ ഒരു കുരിശുമാണ് അതിന്റെ അടയാളം. കൗൺസിൽ ജനറൽസെക്രട്ടറിയായ ഡോക്ടർ വിസർട്ട് ഹൂഫ്റ്റ് പലപ്രാവശ്യം തിരു-കൊച്ചിയും ഇൻഡ്യയും സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിലെ അർത്ഥം "പ്രധാന മീൻ പിടുത്തക്കാരൻ Chief fisherman എന്നാണെന്നറിയുമ്പോൾ കൗൺസിലിന്റെ മുദ്രയിലുള്ള കപ്പലിന്റെ പടത്തിനു് ഒരു അർത്ഥവത്തായ പ്രാധാന്യമുണ്ട്. ഡോകൾ ഹൂഫ്റ്റിന്റെ കൂടെ സഭാകൗൺസിൽ എക്സിക്യൂട്ടീവ് ഉദ്യോഗങ്ങൾ വഹിക്ക

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# മരുഭൂമിയിൽ പഠിച്ച പാഠങ്ങൾ

എം. ററി.

"നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്നു നിന്നെ പരീക്ഷിച്ചു നിന്റെ ഹൃദയത്തിൽ ഇരിക്കുന്നതു അറിവാനായി നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കണം. അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കയും മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നാ കൊണ്ടു് നിന്നെ പോഷിപ്പിക്കയും ചെയ്തു."
(ആവൎത്തനപുസ്തകം 8:2—3)

മോശയുടെ അഞ്ചു പുസ്തകങ്ങൾ എന്നറിയപ്പെടുന്നവയിൽ അവസാനത്തേതായ ആവൎത്തനപുസ്തകത്തിൽ നിന്നെടുത്തിട്ടുള്ള ഒരു ഭാഗമാണ് ഇതു്. ആവൎത്തനപുസ്തകത്തിന്റെ അധികഭാഗവും ഇസ്രായേൽക്കാർ വാഗ്ദത്തദേശമായ കനാനലേക്കു് പ്രവേശിക്കുന്നതിനു് അല്പം മുമ്പായി മോശ അവരോടു ചെയ്ത പ്രഭാഷണങ്ങളാണ്. മിസ്രയീമിലെ ഭയങ്കരമായ അടിമത്തത്തിൽ നിന്നു മോചിപ്പിക്കപ്പെട്ടു് നാല്പതു നീണ്ട വർഷങ്ങൾ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞശേഷം അബ്രഹാമിന്റെ കാലം മുതൽ യഹോവാ അവർക്കു വാഗ്ദാനം ചെയ്തിരുന്ന ഫലഭൂയിഷ്ഠമായ ദേശത്തിന്റെ അതിർത്തിയിൽ അവർ വന്നുചേർന്നപ്പോൾ അവരുടെ നേതാവായ മോശ അവരെ അഭിമുഖീകരിച്ചുകൊണ്ടു് പറഞ്ഞ വാക്കുകളാണ് ഇവ. കഴിഞ്ഞ കാലത്തേതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു പുതിയ ജീവിതഘട്ടത്തിലേക്കു പ്രവേശിക്കുവാൻ ആവശ്യമായ ഒരുക്കവും പ്രതിഷ്ഠയും അവർക്കു സാദ്ധ്യമാക്കിത്തീർക്കണമെന്നുള്ളതാണു മോശയുടെ ഉദ്ദേശം.

തന്റെ ജനത്തിന്റെ ഭൂതകാലചരിത്രത്തിലേക്കും യഹോവയുടെ അത്ഭുതകരമായ സംരക്ഷണയെയും നടത്തിപ്പിനെയും തെളിയിച്ചിട്ടുള്ള പലപല അനുഭവങ്ങളിലേക്കും മോശ അവരുടെ ശ്രദ്ധയെ ക്ഷണിച്ചു. അത്ഭുതകരമായവിധത്തിൽ സ്വർഗ്ഗത്തിൽനിന്നു മന്നാ പൊഴിച്ചു ദൈവം അവരെ തീറ്റിപ്പോറ്റിയ കാര്യം അവരെ അനുസ്മരിപ്പിച്ചു. എന്നാൽ ദൈവം മന്നാ നൽകിയ വസ്തുതയല്ല മോശ പ്രധാനമായി കരുതിയതു്. മന്നാ നൽകിയതു് എന്തിനായിട്ടായിരുന്നു എന്നും എപ്പോൾ ആയിരുന്നു എന്നും ഉള്ള കാര്യമാണു് മോശ പ്രത്യേകമായി ചൂണ്ടിക്കാണിച്ചതു്. "ദൈവം നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കകയും...മന്നാകൊണ്ടു നിന്നെ പോഷിപ്പിക്കകയും ചെയ്തു" എന്തിനായിട്ടു്? മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു്" ഇതിൽ നിന്നു ഇസ്രായേൽക്കാർ പഠിക്കണമെന്നു മോശ ആഗ്രഹിച്ച പാഠം നിസ്സഹായാവസ്ഥയിൽ ദൈവം നമ്മെ സഹായിക്കുമെന്നുള്ളതു മാത്രമല്ല, നമ്മുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു നാം ജീവിക്കണമെന്നുള്ളതാണ്. "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ആഹാരം" എന്നു നമ്മുടെ കർത്താവു പറഞ്ഞതുപോലെ എപ്പോഴും പറയത്തക്ക ഒരു മനോഭാവമാണ് നമുക്കുണ്ടായിരിക്കേണ്ടതു്. വേറൊരു വിധത്തിൽ പറഞ്ഞാൽ, നമുക്കു തന്നെ ജീവിതം നയിക്കുവാൻ കഴിയുമെന്നുള്ള ആ സ്വയം പര്യാപ്തതാബോധം നാം മുഴുവനായി ഉപേക്ഷിക്കണം. ഇസ്രായേൽക്കാരുടെ കഷ്ടകാലമെല്ലാം കഴിഞ്ഞു. ഇപ്പോൾ അവർ വാഗ്ദത്തദേശത്തിന്റെ സുഖസമൃദ്ധികളിലേക്കു കാൽ വയ്ക്കുവാൻ തുടങ്ങുകയാണ്. ഈ ഘട്ടത്തിൽ അവർക്കു പ്രത്യേകമായ ഒരു മുൻകരുതൽ ആവശ്യമാണെന്നു മോശ കണ്ടു. അതായതു്, വിഷമഘട്ടങ്ങളിൽ അവർക്കു സ്വാഭാവികമായിരുന്ന ദൈവാശ്രയം സമ്പത്തുകാലത്തും നിലനിർത്തേണ്ടതാണെന്നുള്ളതു തന്നെ. സുഖവും സന്തോഷവുമുണ്ടാകുമ്പോൾ ദൈവത്തെ മറക്കുവാൻ ഇടയുണ്ടു്. അങ്ങനെ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നാണു് മോശ അവരെ പ്രബോധിപ്പിച്ചതു്. "നിന്റെ ദൈവമായ യഹോവയെ നീ മറക്കാതിരിപ്പാനും അവന്റെ കല്പനകളും വിധികളും ചട്ടങ്ങളും അലക്ഷ്യമാക്കാതിരിപ്പാനും......നിന്റെ ഹൃദയം നിഗളിക്കാതിരിപ്പാനും ...സൂക്ഷിച്ചുകൊള്ളണം. (8. 11-17

ഇന്നു നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ വളർച്ചയ്ക്കു വലിയ വിഘാതമായി നിൽക്കുന്ന ഒരു കാര്യം നമ്മുടെ സ്വയം പര്യാപ്തതാബോധമല്ലയോ? കഴിഞ്ഞ ഒന്നു രണ്ടു നൂറ്റാണ്ടുകൾക്കിടയിൽ മനുഷ്യൻ പ്രകൃതിയെ കീഴടക്കി സ്വസുഖസൗകര്യങ്ങളെ ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നാൽ വർദ്ധമാനമായ ഈ അറിവും സുഖസൗകര്യങ്ങളും ദൈവത്തെ മറക്കുവാനാണു അവനെ പ്രേരിപ്പിച്ചിട്ടുള്ളതു. പുതിയ കണ്ടുപിടുത്തങ്ങളെ ദൈവത്തെക്കൂടാതെ കൈകാര്യം ചെയ്യുവാൻ മനുഷ്യർ ഒരുമ്പെട്ടതിന്റെ വിനാശഫലമാണു് ഇപ്പോൾ ലോകവ്യാപകമായിത്തീർന്നിട്ടുള്ള ഭീതിയും അനിശ്ചിതാവസ്ഥയും. മനുഷ്യനു സ്വയം രക്ഷിക്കുവാൻ കഴിയുമെന്നുള്ള വ്യാമോഹം നാൾക്കുനാൾ കുറഞ്ഞു വരികയാണ്. കേവലം ഭൗതികമായ സുഖസമൃദ്ധിയിലും ദൈവത്തെ മറന്നുള്ള സാമുദായികസംവിധാനങ്ങളിലും സുരക്ഷിതമായിരിക്കുവാൻ മനുഷ്യനു കഴിയുന്നതല്ല. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്നുള്ള പരമാർത്ഥം നാം അറിയേണ്ടതാണ്. അതു നമ്മെ മനസ്സിലാക്കുവാൻ ദൈവം ഇസ്രായേൽജാതിയെ നടത്തിയതുപോലെ ഇന്നു നമ്മെയും നടത്തിക്കൊണ്ടിരിക്കയാണ്. നമ്മുടെ കർ

---

ന്നവരിൽ പ്രാധാന്യമർഹിക്കുന്നവരായി പല പ്രസിദ്ധ പ്രവർത്തകരിൽ അസോഷ്യയിറ്റു് സെക്രട്ടറി ഡോക്ടർ ക്രെയിമർ, ന്യൂയോർക്കു ജനറൽസെക്രട്ടറി ഡോ. സാമുവൽ മക്രെ കാവേർട്ട് ഡോക്ടർ ഫ്രഡറിക്ക് ഹോൾഡ്, പൂർവേഷ്യയിലെ ജോയിന്റ് സെക്രട്ടറി ഡോക്ടർ രാജാബി. മാണിക്കം (വൈസ് പ്രിൻസിപ്പൽ ആന്ധ്രാക്രിസ്ത്യൻ കോളജ്) മുതലായവർ ഉൾപ്പെടുന്നു. ഇവരെല്ലാം ഇന്നു് (ഓഗസ്റ്റ് 15) സമാരംഭിക്കുന്ന ഇവാൻസ്റ്റൺസമ്മേളനത്തിന്റെ നായകത്വം വഹിക്കുന്നതായിരിക്കും. ലോകസേവനത്തിനു് പ്രയത്നിക്കുന്ന സമ്മേളനത്തിനു് വിജയം പ്രാർത്ഥിക്കുകയാണ് എല്ലാക്രൈസ്തവരും അത് മാത്രമായി ഇപ്പോൾ ചെയ്യേണ്ടിയിരിക്കുന്നതെന്നു ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

# രണ്ടായി പിരിയുവാൻ അനുവദിക്കരുത്

## സഭ വീണ്ടും യോജിക്കുന്നതു കുറേക്കൂടി വിഷമതരമാകും

(റൈററ് റവ. ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ)

ചർച്ചുവീക്ക്ലിയുടെ ആദ്യലക്കം മുതൽ ഞാൻ അതീവതാൽപ്പര്യത്തോടെ അതു് ആദ്യന്തം വായിച്ചു പോരുന്നുണ്ടു്. അതിലെ പ്രൗഢങ്ങളായ ലേഖനങ്ങളും ചർച്ചകളും സുറിയാനിസഭാചരിത്രരേഖകളും എല്ലാം തന്നെ ഉത്തേജജനകങ്ങളാണു്.

കഴിഞ്ഞ ഒരു ലക്കത്തിലെ മുഖപ്രസംഗത്തിൽ എഴുതിയിരിക്കുന്ന "ചിന്താമണ്ഡലത്തിലെ ചിലന്തിവലകൾ" നമ്മെ ഓരോരുത്തരെയും സഭയേയും അതിന്റെ അദ്ധ്യക്ഷന്മാരേയും ഒന്നാകെ ചുററിപ്പററിയിരിക്കുന്ന തന്തുക്കളെ കാണിച്ചു തരുന്നവയും അതിനുള്ള പരിഹാരം യഥാർത്ഥക്രിസ്തീയത്വം മാത്രമാണെന്നു് വെളിപ്പെടുത്തുന്നവയുമായിരുന്നു

ഇക്കഴിഞ്ഞ സമ്മർ കാലത്തു ഹിമാലയാ പർവ്വതത്തിന്റെ അടിവാരനിരയിലുള്ള ഡോ. സ്റ്റാൻലി ജോൺസിന്റെ സാത്താൽ (Sat tal) ആശ്രമത്തിൽ പാശ്ചാത്യപൗരസ്ത്യരായ നൂറിൽപ്പരം മിഷണറിമാരോടും മററു ക്രിസ്തീയസഹോദരങ്ങളോടും കൂടെ ഞാൻ താമസിക്കുകയായിരുന്നു. ഓരോ ദിവസവും രാത്രിയിൽ എട്ടുമണിക്കു് ഡോ. ജോൺസ് പത്രങ്ങളിൽ നിന്നു വാർത്തകൾ വായിച്ചുകേൾപ്പിക്കുകയും അതിനേത്തുടർന്നു മററു വിഷയങ്ങളെപ്പററി പ്രതിപാദിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യാറുണ്ടായിരുന്നു.

ഒരു ദിവസം ഞങ്ങൾ കൂടിയിരിക്കുമ്പോൾ വട്ടിപ്പണക്കേസിന്റെ സുപ്രീം കോടതി വിധി അദ്ദേഹം വായിച്ചുകേൾപ്പിക്കുകയും ഈ കേസ് രാജിയാകുന്നതിനു് മററു് അനേകരോടൊപ്പം അദ്ദേഹം ചെയ്തിട്ടുള്ള ശ്രമങ്ങളെപ്പററി പ്രസ്താവിക്കുകയും ചെയ്തു. നമ്മുടെ സഭയെപ്പററി കേട്ടിട്ടു പോലുമില്ലാത്ത വടക്കേ ഇൻഡ്യയിലെ അനേകം ക്രിസ്ത്യേതരരും സുപ്രീംകോടതിയിലെ കേസ് മുഖാന്തിരം സഭയേപ്പററി അറിയാൻ ഇട വന്നു. എന്നാൽ അവിടെ കൂടിയിരുന്നവരുടെ മദ്ധ്യേ ഞാൻ തല താഴ്ത്തി.

എന്റെ വടക്കേ ഇൻഡ്യൻ പര്യടനത്തിൽ തീവണ്ടിയിൽ വച്ചു് സഹയാത്രക്കാരോടു് ഒരു പൗരാണിക സഭ തെക്കേ ഇൻഡ്യയിൽ ഉണ്ടെന്നു പറഞ്ഞപ്പോൾ അവർക്കു വിശ്വസിക്കുവാൻ പ്രയാസം തോന്നി. ഞാൻ അവരോടു ക്രിസ്തു യേശു മുഖാന്തിരമുള്ള രക്ഷാമാർഗ്ഗത്തെപ്പററി പറഞ്ഞപ്പോൾ ഈ സുവിശേഷം നാം അറിയിക്കാതെ പാശ്ചാത്യർ ഇവിടെ വന്നു മാർഗ്ഗം അറിയിക്കാൻ ഇടകൊടുത്തതെന്തിനു് എന്നു ചോദിക്കുകയുണ്ടായി. വിദേശമിഷനറിമാരേപ്പററി അവർക്കു അവജ്ഞയുണ്ടെങ്കിലും നമ്മുടെ പൗരാണികസഭയ്ക്കു സ്വതന്ത്രഭാരതത്തിൽ ഒരു വലിയ സ്ഥാനമുണ്ടു്.

വിശ്വാസാചാരങ്ങളിൽ പറയത്തക്ക വ്യത്യാസമില്ലാത്ത നിലയിൽ യാക്കോബായക്കാരെന്നും ഓർത്തഡോക്സുകാരെന്നും പറഞ്ഞു മാറിനിൽക്കുന്നവർ മുറിഞ്ഞു വേർപ്പെടുന്നതിനു് ഇടവരുത്താതെ യോജിപ്പിന്റെ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് കൂട്ടായ്മ പുനഃസ്ഥാപിക്കയാണു് വേണ്ടതു്. ചർച്ച്‌വീക്കിലിയിൽ ചിലപ്പോൾ കാണുന്നതുപോലെ ഏതെങ്കിലും വിധത്തിൽ സഭ ഒരിക്കൽ രണ്ടായി പിരിഞ്ഞു മാറിപ്പോയാൽ പുനരൈക്യം നാം വിചാരിക്കുന്നതുപോലെ എളുപ്പമല്ല.

വിദേശ മിഷനറിമാരുടെ പ്രവർത്തനങ്ങൾക്കു വിഘാതം നേരിട്ടു് കൊണ്ടിരിക്കുന്ന ഈ കാലത്തു് സ്വതന്ത്രഭാരതത്തിൽ സുറിയാനിസഭയ്ക്കുള്ള സ്ഥാനവും ചുമതലകളും ഗ്രഹിച്ചു് സമാധാന പരിശ്രമങ്ങൾ വിജയിപ്പിക്കുന്നതിനു പ്രത്യേകം പ്രാർത്ഥനാപൂർവ്വം ശ്രദ്ധിക്കയാണു വേണ്ടതു്.

അനേക പാത്രിയർക്കീസന്മാരും ചക്രവർത്തിമാരും ആരാധിച്ചു കൊണ്ടിരിക്കുന്ന സെൻറ് സോഫ്യാകത്തീഡ്രൽ സ്ഥിതി ചെയ്തിരുന്നതും ക്രൈസ്തവചക്രവർത്തിമാരുടെ തലസ്ഥാന പുരിയുമായിരുന്ന കുസ്തന്തീനോസ് പോലീസ്, തുർക്കികൾ ആക്രമിച്ചു പിടിച്ചടക്കുവാൻ തുടങ്ങുമ്പോൾ, റൂശ്മാ രണ്ടു വിരൽ കൊണ്ടോ മൂന്നുവിരൽകൊണ്ടോ ചെയ്യേണ്ടതെന്നതിനെപ്പററി സഭാ മേലദ്ധ്യക്ഷന്മാർ ശണ്ഠകൂടിക്കൊണ്ടിരുന്നു എന്നു് ഒരു പറച്ചിലുണ്ടു്. ഇന്നു് യാക്കോബായസഭയിലെ കേസ്സുകളും, മാർത്തോമ്മസഭയിൽ മെഴുകുതിരി രണ്ടാണോ ആറാണോ കുർബാനസമയത്തുപയോഗിക്കേണ്ടതെന്നുള്ള തർക്കങ്ങളും ക്രിസ്ത്യേതരശക്തികൾ വാതിൽക്കൽവന്നു് ഇടിച്ചുതകർത്തുകൊണ്ടിരിക്കുമ്പോൾ അക്കാര്യം അറിയാതെ പോകുന്നതു് ചരിത്രം ആവർത്തിക്കയല്ലേ.

ലോകചരിത്രം പഠിച്ചാൽ ഇന്നുവരെ ആരുംതന്നെ ശാശ്വതമായി നിന്നുകൊണ്ടു് എതിർകക്ഷികളെ ജയിച്ചിട്ടില്ലെന്നു സമ്മതിക്കും. നിന്റെ ശത്രുവിനെ, ക്രിസ്തുവിന്റെ ആത്മാവിൽ സ്നേഹിച്ചു ബന്ധുവാക്കുക. പിന്നെ ശത്രുതയില്ല. അതു മാത്രമാണു് ജയത്തിനുള്ള ദൈവവഴി. നാമോ, ശത്രുക്കളായിരുന്നപ്പോൾ നമ്മെ സ്നേഹിച്ചു് തന്നെത്തന്നെ നമുക്കായിട്ടു കർത്താവു നൽകിയെന്നും വിശുദ്ധ പൗലൂസു പറയുന്നു. യേശുക്രിസ്തുവിന്റെ മാർഗ്ഗത്തെ മുടിച്ചു് ശത്രുവായിരുന്ന ശൗലിനെ കർത്താവു് തിരുസ്നേഹത്താൽ പിടിച്ചെടുത്തു് സുവിശേഷത്തിന്റെ പ്രചരണത്തിനുവേണ്ടി അവിടുത്തെ അടിമയാക്കി ദൈവസ്നേഹം കൊണ്ടുനിറച്ചു. സുറിയാനിസഭ ആ പാതയിൽകൂടെ മുമ്പോട്ടു പോയാൽ ശതവർഷങ്ങളായി ഇൻഡ്യയുടെ തെക്കേക്കോണിൽ അകിവസ്ഥപ്പെട്ടിരിക്കുന്ന ഈ സഭയെപ്പററിയുള്ള ദൈവത്തിന്റെ പരമോദ്ദേശ്യം സാധിക്കും. കർത്താവിന്റെ ജീവമൊഴികൾ നമ്മുടെ ചെവിക

---

ത്താവിന്റെ ചില വചനങ്ങളേയും നാം ശ്രവിക്കേണ്ടതാണു്. "നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിന്നായിട്ടു തന്നെ പ്രവർത്തിപ്പിൻ." കാര്യങ്ങളെ ശരിയായ ക്രമത്തിൽ കാണുക എന്നുള്ളതാണു് നമുക്കാവശ്യം. 'ആദ്യമായി ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക; അതോടുകൂടി ഇതെല്ലാം—നമ്മുടെ ശാരീരിക ജീവിതത്തിനാവശ്യമായിട്ടുള്ളതെല്ലാം തന്നെ—നിങ്ങൾക്കു 'ലഭിക്കും." ദൈവത്തിന്റെ രാജ്യവും നീതിയും സംബന്ധിച്ച കാര്യങ്ങൾക്കു മുൻഗണന നൽകാത്ത നമുക്കു് ദൈവത്തിൽ നിന്നു് എന്തു നന്മയാണു് പ്രതീക്ഷിക്കുവാൻ അർഹതയുള്ളതു്. ദൈവം നമ്മുടെ ആവശ്യങ്ങളെല്ലാം നടത്തണം ആപത്തിൽ നിന്നെല്ലാം നമ്മെ കാക്കുകയും വിടുവിക്കുകയും ചെയ്യണം. എന്നാൽ, ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാനുള്ള ആഗ്രഹം നമ്മിൽ ലവലേശം പോലുമില്ല. ഈ അവസ്ഥ മാറണം. സുഖത്തിലും ദുഃഖത്തിലും ഒരുപോലെ ദൈവത്തോടടുക്കുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനും അങ്ങനെ ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

# വേ ദ വാ യ ന ക്കു റി പ്പു ക ൾ

തിങ്കൾ. മത്തായി. 7. 7—12

ടെലഫോൺ ഉപയോഗിച്ച് പരിചയമുള്ളവർ നമ്മുടെയിടയിൽ ചുരുക്കമായിരിക്കും. എങ്കിലും അതുപയോഗിച്ചു പരിചയമുള്ളവർ ടെലഫോണിന് എന്തെങ്കിലും കേടുള്ള പക്ഷം പരസ്പര സംഭാഷണം കേൾക്കുന്നതിനു വലിയ പ്രയാസമായിരിക്കും എന്ന് അറിയുന്നു. ചിലപ്പോൾ പറഞ്ഞതുതന്നെ പലപ്രാവശ്യം ആവർത്തിച്ചെങ്കിലേ അപരൻ കേട്ടുള്ളു എന്നു വരാം. എത്ര ആവർത്തിച്ചാലും അപരൻ ശരിയായി കേട്ടു എന്നു വരുന്നതല്ല. എന്നാൽ ഒരിക്കലും കേടുവരാത്ത ഒരു ആശയവിനിമയ യന്ത്രമുണ്ട്. അതേ, നമ്മുടെ ആശകളും ആഗ്രഹങ്ങളും ദൈവത്തെ അറിയിക്കുന്ന ആ യന്ത്രം തന്നെ. അറയ്ക്കുള്ളിൽ പ്രവേശിച്ച് വാതിലടച്ചതിനു ശേഷം നടത്തുന്ന പ്രാർത്ഥനകൾ ഒരു വാക്കുപോലും തെറ്റാതെ ദൈവം കേൾക്കുന്നു. ശ്രവണേന്ദ്രിയത്തെ നമുക്കു തന്നതു് ദൈവമാണെന്ന് സങ്കീർത്തനക്കാരൻ ഉറപ്പു പറയുന്നു. ശ്രവണേന്ദ്രിയത്തെ സൃഷ്ടിക്കുകയും ശ്രവണശക്തി നമുക്കു നൽകുകയും ചെയ്തവൻ തീർച്ചയായും ശ്രവണശക്തി ഉള്ളവനായിരിക്കണം എന്നുതന്നെയല്ല തനിക്ക് നമ്മെക്കാൾ കൂടുതൽ ശ്രവണശക്തി ഉണ്ടായിരിക്കുകയും ചെയ്യും.

"ചെവിയെ നട്ടവൻ കേൾക്കയില്ലയോ?"

ചൊവ്വാ. മത്തായി. 6. 19—25

മനുഷ്യൻ സ്വതന്ത്രനാണ്. അവന്റെ വിധിയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതവനാണ്. ചിന്താശക്തിയും പ്രവർത്തനസ്വാതന്ത്ര്യവും നൽകി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. തൽഫലമായി ആദർശങ്ങളും ലക്ഷ്യങ്ങളും തെരഞ്ഞെടുക്കുവാനും അങ്ങനെ നന്മയിലേക്കോ തിന്മയിലേക്കോ നമ്മുടെ ജീവിതം തിരിച്ചു വിടുവാനും ഉള്ള ശക്തി നമുക്കു ലഭിച്ചിട്ടുണ്ട്. നിസ്സാരമായ ചില കാര്യങ്ങൾകൊണ്ട് സംതൃപ്തരാകുന്ന ചിലരുണ്ട്. ഭൗതികവിജയത്തിനുവേണ്ടി അവർ പ്രവർത്തിക്കുകയും തൽഫലമായ നിരാശയ്ക്കും നാശത്തിനും വിധേയരാകുകയും ചെയ്യുന്നു. അങ്ങനെയുള്ള ഏതോ ലക്ഷ്യസംപ്രാപ്തിക്കുവേണ്ടി ജീവിച്ചിരുന്ന ഒരുവനെ യേശുതമ്പുരാൻ കണ്ടു. അവന്റെ ഭ്രമം മുഴുവനും പുരയിടത്തോടു പുരയിടവും വയലിനോടു വയലും കൂട്ടിച്ചേർത്തു തന്റെ സമ്പാദ്യം വർദ്ധിപ്പിക്കുന്നതിലായിരുന്നു. ലൌകികധനത്തിലായിരുന്നു അവന്റെ ചിന്ത മുഴുവനും. പെട്ടെന്നു കണക്കു ബോധിപ്പിക്കുവാൻ ദൈവം അവനെ വിളിച്ചു. നാം എന്തിനുവേണ്ടി ജീവിക്കുന്നു എന്നു നാം നമ്മോടുതന്നെ ഒന്നു ചോദിക്കുന്നതു നല്ലതാണ്. തുറമുഖം കപ്പലിന്റെ ലക്ഷ്യത്തെ നിയന്ത്രിക്കുന്നതുപോലെ നമ്മുടെ ലക്ഷ്യം നമ്മുടെ ജീവിതത്തിനു രൂപം കൊടുക്കുന്നു. നമ്മുടെ സമയവും ചിന്തയും കഴിവുകളും നാം എന്തിനുവേണ്ടി വിനിയോഗിക്കുന്നു. നമ്മുടെ ലക്ഷ്യമെന്താണ്.

ബുധൻ. മത്തായി. 16. 13—18.

രാത്രി മണി രണ്ടു കഴിഞ്ഞിരുന്നു. ടെലഫോണിന്റെ ശബ്ദം കേട്ടു ഞാനുണർന്നു. ഒരു ആശുപത്രിയിൽ നിന്നായിരുന്നു എന്നെ വിളിച്ചതു്. മരണവക്ത്രത്തെ സമീപിച്ചുകൊണ്ടിരുന്ന ഒരു നാവികനെ പ്രതി ആയിരുന്നു എന്നെ വിളിച്ചതും. "ഞാൻ മരിക്കുവാൻ യോഗ്യനല്ല" എന്നിങ്ങനെ ആ നാവികൻ വിലപിച്ചുകൊണ്ടിരുന്നു. നേഴ്സ് ടെലഫോണിൽ എന്നോടു ചോദിച്ചു. "അങ്ങുവന്നെത്തുവോളം അയാൾ ജീവിച്ചിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഞാനെന്തു ചെയ്യണം?" ടെലഫോൺ ആ രോഗിയുടെ കയ്യിൽ കൊടുപ്പിച്ചിട്ടു ഞാൻ ചോദിച്ചു. "നിങ്ങൾ എപ്പോഴെങ്കിലും കപ്പലപകടത്തിൽ പെട്ടിട്ടുണ്ടോ?" "ഉണ്ട്. ഒരു പ്രാവശ്യം". മന്ദമായ സ്വരത്തിലുള്ള ഒരു മറുപടി ഞാൻ കേട്ടു. "നിങ്ങൾ എങ്ങനെ രക്ഷപ്പെട്ടു" ഞാൻ വീണ്ടും ചോദിച്ചു "അവർ എനിക്കു കയർ ഇട്ടു തന്നു. ഞാനതിന്റെ ഒററത്തു ബലമായി പിടിച്ചു കിടന്നു. അവർ എന്നെ വലിച്ചു കപ്പലിൽ കയററി. അയാൾ പ്രതിവചിച്ചു. "ഇതാ ക്രിസ്തു ഒരു കയർ നിങ്ങൾക്കു ഇട്ടുതരുന്നു. അതിൽ പിടിച്ചുകൊള്ളണം. യാതൊരു കാരണവശാലും പിടിച്ചുവിടരുതു്". "ഞാൻ ബലമായി പിടിച്ചിരിക്കുന്നു" എന്ന് അയാൾ പറയുമ്പോഴും എന്റെ നിർദ്ദേശം ആവർത്തിച്ചുകൊണ്ടിരുന്നു. അടുത്ത പ്രഭാതത്തിൽ നേഴ്സ് എന്നോടു പറഞ്ഞു. "ആ രോഗിയുടെ അന്ത്യവചനം ഞാൻ ബലമായി പിടിച്ചു എന്ന് അദ്ദേഹത്തെ അറിയിക്കുക" എന്നായിരുന്നു.

നമ്മിൽ അത്യുത്തമന്മാർക്കുപോലും ചെയ്യുവാൻ കഴിയുന്നതു് "കർത്താവേ, നിന്റെ കുരിശിൽ ഞങ്ങൾ ശരണപ്പെടുന്നു" എന്ന വിശ്വാസത്തോടെ ഏററു പറയുകയാണ്.

വ്യാഴം. മത്തായി 27. 15—23.

വി. വേദപുസ്തകം വായിക്കുന്ന ഒരുവനെ സ്പർശിക്കുന്ന ഒരു പ്രധാനസംഗതി അതിൽ ഉടനീളം കാണുന്ന പല ചോദ്യങ്ങളും അവയുടെ അർത്ഥവ്യാപ്തിയുമാകുന്നു. ഒരുവൻ ആദ്യം വായിക്കുന്ന ചോദ്യം ദൈവം ആദാമിനോട് ചോദിക്കുന്നതാണ്. "ആദമേ, നീ എവിടെ ആകുന്നു". മറെറാരു ചോദ്യം ദൈവം കായേനോടു ചോദിക്കുന്നതാണ്. "കായേനേ നിന്റെ സഹോദരൻ എവിടെ?" രണ്ടു ചോദ്യങ്ങളും അർത്ഥവത്തായ ചോദ്യങ്ങളായിരുന്നു. ഒന്നു മനുഷ്യന്റെ സാഹചര്യത്തെക്കുറിച്ചുള്ളതായിയിരുന്നു എങ്കിൽ മറേറതു് മനുഷ്യനു മററുള്ളവരോടുള്ള കടപ്പാടുകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു. യോബ് കുറേക്കൂടെ വലിയ ഒരു ചോദ്യം ചോദിക്കുന്നുണ്ട്. "ഒരു മനുഷ്യൻ മരിച്ചാൽ അവൻ പിന്നെയും ജീവിക്കുമോ?" അതുപോലെ ധനവാനായ ആ മനുഷ്യൻ യേശുവിനോട് ചോദിക്കുകയാണ് "നിത്യജീവന് അവകാശിയാകുവാൻ ഞാനെന്തു ചെയ്യണം?" വി. വേദപുസ്തകത്തിലെ ഭൂരിഭാഗം ചോദ്യങ്ങൾക്കുമുള്ള ഉത്തരം യേശുവുമായി ഒരുവനുള്ള ബന്ധത്തെ ആശ്രയിച്ചതാകുന്നു. ക്രിസ്തുവുമായുള്ള ബന്ധം ശരിയായ അടിസ്ഥാനത്തിലാക്കുവോളം മററു ചോദ്യങ്ങൾക്കുത്തരം നൽകുവാൻ സാധ്യമല്ല. "ഞാൻ ജീവിക്കുന്നു. എങ്കിലും ഞാനല്ല, എന്നാലോ ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പൗലൂസ് അപ്പോസ്തലനെ പോലെ ആത്മാർത്ഥമായി പറയുവാൻ കഴിയുന്ന പക്ഷം മററു ചോദ്യങ്ങൾക്ക് ഉത്തരം താനേ ലഭിച്ചുകൊള്ളും.

വെള്ളി. സങ്കീ. 23.

ഒരിക്കൽ ഒരു ചിത്രകാരൻ 23-ാം സങ്കീർത്തനം പല ചിത്രങ്ങളിലായി ലേഖനം ചെയ്യുവാൻ ശ്രമിക്കുകയായിരുന്നു. അവസാനചിത്രത്തിൽ "ദീർഘകാലം" എങ്ങനെ ചിത്രീകരിക്കുമെന്നറിയുവാൻ കഴിയാതെ ആ ചിത്രകാരൻ വിഷമിച്ചു. അവസാനമായി അയാളുടെ മനസ്സിൽ ഒരു ആശയം ഉദിച്ചു. അതനുസരിച്ച് കടലോരത്തിൽ നിരന്തരമായി

---

ളിൽ മുഴങ്ങട്ടെ. തിരുസ്നേഹത്തിൻ മുമ്പാകെ നമ്മുടെ മുഴങ്കാലുകളെ മടക്കി നമ്മുടെ പാപം ഏററുപറഞ്ഞ് നാം ദൈവവഴി മനസ്സിലാക്കി ഭാരതത്തെ യേശുക്രിസ്തുവിന്നായി നേടാം. അതിന് നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

അലതല്ലിക്കൊണ്ടിരിക്കുന്ന കടലിന്റെ ഒരുഭാഗം അയാൾ ചിത്രത്തിലാക്കി. "ദീർഘകാലം" എന്ന ആശയം ലേഖനം ചെയ്യുവാൻ ഇതിൽപ്പരം ഉത്തമമായ ഒരു ആശയം എവിടെ കിട്ടുവാനാണ്. കടലും കരയും തമ്മിൽ എന്നു വേർപിരിഞ്ഞോ അന്നുമുതൽ കടൽവെള്ളം കടലോരത്തിൽ അലതല്ലിക്കയറിക്കൊണ്ടിരിക്കയാണ്. ഭൂമി ഉള്ളിടത്തോളം കാലം അതു തുടരുകയുംചെയ്യും. അങ്ങനെ നിത്യതയെ ചിത്രീകരിക്കുവാൻ കടലിനെപ്പററിയുള്ള ആശയം അയാൾക്കു സഹായമായിത്തീർന്നു. എന്നാൽ ആ അലതല്ലൽതുടങ്ങിയിട്ട് എത്രയെങ്കിലും കാലമാകട്ടെ; ഇനിയും എത്ര വർഷമെങ്കിലും തുടർന്നുകൊണ്ടിരിക്കട്ടെ—ദൈവത്തിന്റെ രക്ഷിക്കപ്പെട്ട ജനം എന്നേക്കും തന്റെ ആലയത്തിൽവസിക്കുമെന്നുള്ളതു തീർച്ചയാണ്.

ശനി. യോഹന്നാൻ. 14. 15—18

ഒരിക്കൽ വിശ്വാസിയായ ഒരു ക്രൈസ്തവപടയാളി തടവുകാരനായി പിടിക്കപ്പെട്ടു. തന്റെഅധികാരികൾ ഞായറാഴ്ച ആരാധനയിൽസംബന്ധിച്ചിരുന്ന സമീപത്തുള്ള ദേവാലയത്തിൽ പോകുവാനും ആരാധനയിൽസംബന്ധിക്കുവാനും അയാൾ അനുവാദത്തിനു് അപേക്ഷിച്ചുവെങ്കിലും ആ അനുവാദം നിരസിക്കപ്പെടുകയാണുണ്ടായതു്. എങ്കിലും ഞായറാഴ്ച ആരാധന ആരംഭിച്ചുകഴിഞ്ഞ ഉടനെ വി. വേദപുസ്തകം മാർവിൽ ചേർത്തുപിടിച്ച് ദേവാലയത്തെ അഭിമുഖീകരിച്ച് അയാൾ നിൽക്കുന്നതു കാണുവാനിടയായി. അതു കണ്ടവർക്കെല്ലാം ഒരു കാര്യംഗ്രഹിക്കുവാൻ കഴിഞ്ഞു. അതേ, അയാൾ അയാളുടെ ഹൃദയംദൈവസമക്ഷം പകരുകയായിരുന്നു. ശാരീരികമായി അയാൾ ബന്ധനസ്ഥനായിരുന്നു എങ്കിലും അയാൾക്കു തന്റെ ഹൃദയവാഞ്ഛകൾ ദൈവസമക്ഷം അറിയിക്കുവാൻ കഴിഞ്ഞു. ദേവാലയത്തിൽ പോകുവാനുള്ള സ്വാതന്ത്ര്യം അയാൾക്കു് നിഷേധിക്കപ്പെട്ടു എങ്കിലും ദേവാലയത്തിൽപോയവരോടൊപ്പമോ അതിൽ കൂടുതലായോ ദൈവത്തെ ആരാധിക്കുവാനും ദൈവവുമായി സംസർഗ്ഗംചെയ്യുവാനും അയാൾക്കു കഴിഞ്ഞു.

ക്രിസ്തുവിന്റെ തടവുകാരെല്ലാം ആത്മാവിൽ സ്വതന്ത്രരാകുന്നു.

# ക്രൈസ്തവലോകവാർത്തകൾ

കെ. വി. മാമ്മൻ ബി. എ.

### ഫിജിദ്വീപുകളിൽ

ഫിജിദ്വീപിലെ രാജാവായിരുന്ന തക്കോംബൊ ക്രിസ്തുമതം സ്വീകരിച്ചതിന്റെ ശതവൽസര സ്മരണയോടനുബന്ധിച്ചു നാട്ടുകാരും യൂറോപ്യന്മാരുമുൾപ്പെടെ ഒരുസംഘം ക്രൈസ്തവർ രാജ്യത്തിന്റെ പല ഭാഗങ്ങളിലും സഞ്ചാരം നടത്തുകയുണ്ടായി. രാജാവു ക്രൈസ്തവനായതോടുകൂടി മിക്കവാറും പ്രജകളും ക്രൈസ്തവരായി. ഫിജിദ്വീപിലെ 140000 ജനങ്ങളിൽ 87 ശതമാനവും മെതഡിസ്റ്റുകളാണ്. ഒരു മെതഡിസ്റ്റു മിഷ്യനറിയാണ് രാജാവിനെയും ക്രിസ്തുമതത്തിൽ ചേർത്തതു്.

### കത്തോലിക്കരുടെ എണ്ണം വർദ്ധിച്ചു

ഐക്യനാടുകളിലും, അലാസ്കായിലും ഹാവായിലും കൂടി ഇപ്പോൾ ആകെ 31648424 റോമൻകത്തോലിക്കർ ഉണ്ടെന്നു 1954 ലെ ഔദ്യോഗിക കത്തോലിക് ഡയറക്ടറിയിൽ പറഞ്ഞിരിക്കുന്നു. ഈ സംഖ്യ കഴിഞ്ഞവർഷത്തേതിൽ നിന്നും 1223409 കൂടുതലാണ്.

### മാർട്ടിൻ ലൂതർ

പടിഞ്ഞാറെ ജർമ്മനിയിൽ പത്തുലക്ഷത്തിലധികം പേർ 'മാർട്ടിൻലൂതർ' എന്ന ചിത്രം കണ്ടിരിക്കുന്നു. മറെറാരു ചിത്രത്തിനും ഇത്രയും കാണികൾ ഈ ക്ലിപ്തസമയത്തിനുള്ളിൽ ഉണ്ടായിട്ടില്ല എന്നു ഫിലിം അധികൃതർ പ്രസ്താവിച്ചിരിക്കുന്നു.

### നിമോളരുടെ മോസ്കോ സന്ദർശനം

മോസ്കോ പാത്രിയർക്കീസായ അലക്സിയുടെ ക്ഷണമനുസരിച്ചു ജർമ്മൻ ഇവാൻജലിക്കൽ ചർച്ചിന്റെ വിദേശസെക്രട്ടറിയായ പാസ്റ്റർ നിമോളറും ഒരു സംഘം സഭാപ്രവർത്തകരുംകൂടി ജൂൺ ഒടുവിൽ മോസ്കോ സന്ദർശിച്ചിരിക്കുന്നു.

### അഭിപ്രായപ്പെട്ടിരിക്കുന്നു

1848–ൽ നെതർലണ്ടിലെ ഭരണഘടനയനുസരിച്ചു റോമൻകത്തോലിക്കർക്കു ചില ക്ലിപ്തപരിധികൾക്കുള്ളിൽ മാത്രമേ ആഘോഷങ്ങൾ നടത്തുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. എന്നാൽ ഇപ്പോൾ ഏതു പൊതു ആഘോഷങ്ങളും നടത്തുന്നതിനു് അവരെ അനുവദിക്കേണ്ടതാണെന്നു ഗവണ്മെന്റു നിയോഗിച്ച ഒരു കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു. എല്ലാ സഭകൾക്കും ഈ സ്വാതന്ത്ര്യം നൽകേണ്ടതാണെന്നുള്ള അടിസ്ഥാനത്തിൽ ഈ ശുപാർശയെ നെതർലണ്ടിലെ എക്യൂമെനിക്കൽ കൗൺസിൽ എതിർത്തിരിക്കുന്നു.

### കൂടുതൽ വേണമെന്നു്

1975–ാമാണ്ടു് ആകുമ്പോഴേക്കു് അമേരിക്കയിൽ പുതുതായി ഒരു ലക്ഷം പള്ളികളും 75000 പട്ടക്കാരും ഉണ്ടായെങ്കിൽ മാത്രമേ രണ്ടു കോടി എൺപതുലക്ഷം പള്ളിയാരാധനക്കാർക്കു പള്ളിയാരാധന നടത്തുന്നതിനു സൗകര്യമുണ്ടാകുകയുള്ളു എന്നൊരാൾ പ്രസ്താവിച്ചിരിക്കുന്നു.

### കത്തോലിക്കർ കല്ലെറിഞ്ഞു

രണ്ടുകത്തോലിക്കാപുരോഹിതന്മാരുടേയുംരണ്ടുസന്യാസിനികളുടേയും നേതൃത്വത്തിൽ ഒരു സംഘം കത്തോലിക്കർ ബ്യൂണബെഞ്ചുറായിലെ ഒരു പ്രോട്ടസ്റ്റന്റു ചാപ്പലിൽ ആരാധനനടത്തിക്കൊണ്ടിരുന്ന പ്രോട്ടസ്റ്റന്റുകാരെ കല്ലെറിഞ്ഞുവെന്നു കൊളംബിയായിലെ ഇവാൻജലിക്കൽ ഫെഡറേഷൻ പ്രസ്താവിച്ചിരിക്കുന്നു. ഐക്യനാടുകളുടെ ഭരണഘടനയനുസരിച്ചു ന്യൂനപക്ഷമായ കത്തോലിക്കർക്കനുവദിച്ചിട്ടുള്ളടത്തോളം മതസ്വാതന്ത്ര്യം കൊളംബിയായിലെ പ്രോട്ടസ്റ്റന്റുകാർക്കും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു ഐക്യനാടുകളിലെ പ്രസ്ബിറേറിയൻ ചർച്ച് ജനറൽ അസംബ്ളി ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

കൊളംബിയായിലെ മതപീഡ രൂക്ഷതരമായിക്കൊണ്ടിരിക്കുന്നു. പ്രോട്ടസ്റ്റന്റു സഭകൾക്കു പരസ്യമായി സമ്മേളിക്കുന്നതിനോ, ക്രിസ്തീയസാക്ഷ്യത്തിനോ സ്വാതന്ത്ര്യം ഇല്ല. മതസ്വാതന്ത്ര്യത്തിനുകോട്ടംവരുത്തുന്ന ഈ 'തിരുസഭാ'പ്രവർത്തനത്തെ അഖിലലോകസഭാകൗൺസിൽ പരസ്യമായി പ്രതിഷേധിക്കണമെന്നു് ഈയിടെ പ്രിൻസ്റ്റണിൽ 46 രാജ്യങ്ങളിൽ നിന്നും ചെന്ന പ്രസ്ബിറേറിയൻ പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടിരിക്കുന്നു.

### ആസ്ത്രേലിയായുടെ പേടൻസെയിന്റ

ജൂൺ 14 മുതൽ 17വരെ സമ്മേളിച്ച ബ്രിസ്ബയിൻ മഹാഇടവകയു

# സുവിശേഷപ്രവർത്തനം—സഭയുടെ അവഗണിക്കപ്പെട്ട ജീവിതധർമ്മം

V

ഇത്തരത്തിലൊരു ധാർമ്മികഭാവനാസ്വർഗ്ഗമായി തരംതാഴ്ത്തപ്പെട്ട ക്രിസ്തീയവിശ്വാസം, യുദ്ധാനന്തരയുഗത്തിലെ വിദ്യാസമ്പന്നരായ ഭൗതികവാദികളുടെയിടയിൽ വിലപ്പോവുകയില്ല. മനുഷ്യനിലുള്ള സ്വന്തം വിശ്വാസത്തിന്റെ കേവലമൊരു വൈകാരികപ്പതിപ്പായി ഈ സുവിശേഷത്തെ ആദർശാത്മകഭൗതികവാദി അവഗണിക്കും. ഭൗതികയാഥാർത്ഥ്യവാദികളാകട്ടെ, മൃഗീയ ശക്തിയാൽ ഭരിക്കപ്പെടുന്ന ഒരു ലോകത്തിൽ ക്രിസ്തുമതം അസംഗതവും ഒരുപദ്രവകാരിയുമാണെന്നു പറഞ്ഞുതള്ളും. ഇക്കാലത്തെ ബുദ്ധിജീവികളുടെ ശ്രദ്ധയെ ആകർഷിക്കണമെന്നുണ്ടെങ്കിൽ, സുവിശേഷപ്രചരണത്തിൽ ബുദ്ധിപരമായി സത്യസന്ധത പാലിക്കുന്ന ഒരു വേദശാസ്ത്രം ഉപയോഗിക്കേണ്ടിയിരിക്കുന്നു—ശാസ്ത്രീയകണ്ടുപിടുത്തങ്ങളുടെയോ യാഥാർത്ഥ്യവാദിയായ ഭൗതികചിന്തയുടെയോ ഫലമായുണ്ടായ വാസ്തവങ്ങളുടെ നേർക്കു കണ്ണടച്ചുകളഞ്ഞുഭ്രതകാലപാപങ്ങൾക്കു വിനീതമായി മാപ്പിരക്കുന്ന ഒരു വേദശാസ്ത്രം; തിരുവചനം അനുസരിച്ചുള്ള വിശ്വാസവുമായി, അബദ്ധഭൗതികസിദ്ധാന്തങ്ങളെ സുധീരം എതിർക്കുന്ന ഒരു വേദശാസ്ത്രം. ഒരു ക്രിസ്തീയവിശ്വാസി എന്നു വച്ചാൽ തിരുവചനം അറിയുന്ന ഒരു അത്മേനി വേദശാസ്ത്രജ്ഞൻ എന്നാവണം അർത്ഥം. "തന്റെ അയൽക്കാരനെ സ്നേഹിക്കണമെന്നുള്ളതിനു വളരെയേറെ ന്യായങ്ങൾ പറയാനുണ്ടെന്നു തന്റെ സമകാലീനരെ ഉൽബോധിപ്പിക്കേണ്ടതിന്നു് ഏതോ ഒരു യഹൂദനു പ്രചോദനം നൽകത്തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" എന്നിപ്രകാരം യോഹ. 3: 16 തെററായി പരിവർത്തനം ചെയ്യുന്നതിനെക്കാൾ തുലോം ഉപരിയായ ഒന്നാണു ക്രിസ്തീയ സാക്ഷ്യം നൽകുന്ന സുവിശേഷമെന്നതു വീണ്ടും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

പ്രസംഗം വഴിയായും വിദ്യാഭ്യാസത്തിലൂടെയും മതപരമായ ഈ നിരക്ഷരതാപ്രശ്നം നേരിടാൻ സഭകൾ സന്നദ്ധമാണോ? ഇരുപതാം നൂററാണ്ടിലെ അന്യരായിപ്പോയ ബുദ്ധിജീവികളെ ക്രിസ്തുമതത്തിനു നേടുവാൻ കഴിയുമോ എന്നതു്, ഈ കർത്തവ്യം ശിരസാ വഹിച്ചു് അതു വിജയിപ്പിക്കുന്നതിനെ ആശ്രയിച്ചിരിക്കും.

## പുനരുജ്ജീവനലക്ഷണങ്ങളും പ്രത്യാശയും

സഭകൾ സുവിശേഷപ്രചരണദൗത്യം അഭിമുഖീകരിക്കുന്നതോടെ, ന്യായവിധിക്കും, അനുതാപത്തിനും പുനരുജ്ജീവനത്തിനും സ്വയം സമർപ്പിക്കാൻ സഭകളോടാഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു. പുനരുജ്ജീവനം നടന്നുകൊണ്ടിരിക്കുന്നുവെന്നതിനു സൂചന ധാരാളമുണ്ടു്. ഇവ ധൈര്യത്തിനും പ്രത്യാശയ്ക്കും ഇടം നൽകാതിരിക്കയില്ല. കർത്താവിന്റെ ഒരു ആഗമനം—അന്തിമന്യായവിധിക്കായിട്ടുള്ളവരവല്ല, ആത്മാവിന്റെ ഒരു പുതിയ പ്രവാഹം—ഇന്നത്തെ സഭയെ അനുഗ്രഹിച്ചു ബലിഷ്ഠമാക്കാൻ പര്യാപ്തമാവും. കൃപാശക്തികളുടെ ഈ ലക്ഷണങ്ങളിൽ ചുരുക്കം ചിലതു മാത്രമേ ഇവിടെ പരാമർശിക്കാനാവൂ. സഭകളോടു ഞങ്ങൾ ആവശ്യപ്പെടുന്ന റിപ്പോർട്ടുകളിൽ മററുള്ളവകൂടി ഉൾപ്പെടുത്തിയിരിക്കും.

---

ടെ (ആസ്ത്രേലിയാ) സിനഡ് വി: മർക്കോസിനെ ആസ്ത്രേലിയാ ഭൂഖണ്ഡത്തിന്റെ 'പേട്രൻ സെയിൻറാ'യി അംഗീകരിച്ചിരിക്കുന്നു. ഇംഗ്ളണ്ടിനു സെൻറു് ജോർജ്ജും, ഇൻഡ്യയ്ക്കു സെൻറു് തോമസും ഉള്ളതുപോലെ ആസ്ത്രേലിയായ്ക്കു സെൻറു് മാർക്ക് പേട്രൻ സെയിൻറായിരിക്കും. ആസ്ത്രേലിയൻ ദേശീയ പ്രാധാന്യമുള്ള ആൻസാക്ക് ദിനവും സെൻറു് മാർക്കോസ് ദിനവും ഒന്നിച്ചുവരുന്നതിനാൽ ഒരു പ്രത്യേക പ്രാധാന്യവും ചൂണ്ടിക്കാണിക്കപ്പെടുന്നു.

### ഒരു വെല്ലുവിളി

ഇൻഡ്യയിലെയും ഇതരഏഷ്യൻരാജ്യങ്ങളിലെയും കഷ്ടപ്പെടുന്ന ജനങ്ങൾക്കു ഭക്ഷണം നൽകുന്നതിനു് ആഴ്ചയിലൊരാക്കൽ ആഹാരം വെടിഞ്ഞു. അതുക ബ്രദർ ഹുഡ് ഓഫ് സെൻറു് ലോറൻസ് എന്ന സംഘടന ശേഖരിച്ചു് അംഗീകൃതഏജൻസികൾ വഴി ഇൻഡ്യയിലേക്ക് അയയ്ക്കുന്നതാണ്.

ആസ്ത്രേലിയായ്ക്കു വടക്കുള്ള ഏഷ്യൻ രാജ്യങ്ങളിൽ പട്ടിണി കിടക്കുന്ന ജനലക്ഷങ്ങൾ ആസ്ത്രേലിയായിലെ ക്രൈസ്തവസഭയോടുള്ള ഒരു വെല്ലുവിളിയാണെന്നത്രേ ഈ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന സുപ്പീരിയർ റവ. ഫാദർ കെന്നടി ടക്കർ പ്രസ്താവിച്ചിരിക്കുന്നതു്.


**ജയഭാരതം ആര്യവൈദ്യശാല (Regd.)**

H. O. പുനലൂർ.

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

പ്രധാനവൈദ്യൻ

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

Licence No. 498 Dated 20-8-1946 Reg. M 5268

# THE CHURCH WEEKLY

## വേദശാസ്ത്രപുനരുജ്ജീവനം

വേദശാസ്ത്രപരമായ ഉണർവിന്റെ ദിവസങ്ങളാണിതു്, സംശയമില്ല. ശാസ്ത്രങ്ങളുടെ രാജ്ഞി അതാ, വീണ്ടും സ്വസിംഹാസനത്തിൽ ആരൂഢയായിരിക്കുന്നു. സഭയിലെ വേദശാസ്ത്രപണ്ഡിതന്മാരുടെ ക്ലാസ്സുമുറികളിൽ അദ്യമായി സഭയിലെ അത്മേനികളിൽ അനേകംപേരുടെ ചിന്താലോകത്തിലും. വേദശാസ്ത്രരഹിതമായ ഒരു ക്രിസ്തുമതം ക്രിസ്തുമതമേ അല്ല എന്നൊരു നില സംജാതമായിരിക്കുന്നു. ഈ യുഗത്തിലെ ഭൗതികാത്മകമായ വേദവൈപരീത്യങ്ങൾക്കെതിരായി തത്തുല്യശക്തിയുള്ള ആയുധങ്ങൾ ഉപയോഗിച്ച് അണിനിരക്കാൻ സുവിശേഷപ്ര—ചാരണദൗത്യത്തിനു് വേദശാസ്ത്രം—സർവ്വോപരി തിരുവചനപരമായ വേദശാസ്ത്രം—സഹായിക്കും. പാശ്ചാത്യ സംസ്കാരത്തിന്റെ “ബുദ്ധിജീവികൾ” ഇന്നു പഴുത്തുവിളഞ്ഞ ഒരു കൊയ്ത്തുപ്രദേശമാണ്. ഈ സുവിശേഷീകരണപ്രവർത്തനത്തിൽ, സഭയുടെ അനൈക്യം സംബന്ധിച്ച കുറവുകൾ പുറം തള്ളപ്പെടാതിരിക്കുകയില്ല. റോം പോലും പ്രത്യേകിച്ച് റോമാസഭയിലെ അത്മേനിവീരന്മാർ—സഹായഹസ്തം നീട്ടിത്തരാൻ തുടങ്ങും. സാക്ഷാത്തായ ക്രിസ്തീയ വിശ്വാസം ഒരുവശത്തു്, അപ്രച്ഛന്നമായ സ്വമതപരിത്യാഗവും വേദവൈപരീത്യവും മറുവശത്തു്. ഇവ തമ്മിലുള്ള സമരത്തിൽ ഐക്യം ഒരു ആവശ്യകതയായി പരിണമിക്കുന്നു.

## അത്മേനിയുടെ അപ്പോസ്തോലികത

നമ്മുടെ കാലത്തെ വേദശാസ്ത്രപുനരുജ്ജീവനത്തിനു സമാന്തരമായോ, അഥവാ, അതിൽ പങ്കെടുക്കുന്നതായോ മറ്റൊരു കാഴ്ചയുണ്ടു്. സഭയുടെ സിദ്ധാന്തം സംബന്ധിച്ചുണ്ടായ ഒരു വിപ്ളവത്തിന്റെ ആവിർഭാവമാണതു്. അതിന്റെ ഏററവും വിജ്ഞരായ ഉപജ്ഞാതാക്കൾ പോലും അതു വിവരിക്കാൻ പററിയ ഒരു പദത്തിനു തപ്പിത്തിരയുകയാണു്. അതിന്റെ കേന്ദ്രാശയത്തിന്റെ പ്രതീകമാണു, അപ്പോസ്തോലികത എന്ന പദം. സഭയുടെ അപ്പോസ്തലികത അൽമേനിയുടെ അപ്പോസ്തലികത തുടങ്ങിയ പ്രയോഗങ്ങൾ സുവിശേഷഘോഷണം സംബന്ധിച്ച എക്യുമെനിക്കൽ ചർച്ചകളിൽ മുഴങ്ങികേൾക്കാറുണ്ടു്.

സുവിശേഷപ്രചാരണവ്രതമായ ഒരു സമുദായമെന്ന നിലയിലോ, ഓരോ അംഗത്തിന്റെയും പ്രവർത്തനത്തിലോ, ഒരു ദൗത്യനിർവഹണത്തിനു് “അയക്കപ്പെട്ട.”വെങ്കിലും അപ്പോസ്തോലിക ശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ മാത്രമേ സഭ സഭയായിത്തീരുന്നുള്ളു. ഈ ബോദ്ധ്യമാണു് സഭയെപ്പററി മുമ്പറഞ്ഞ വീക്ഷണത്തിനു് അധാരം. അന്തർവ്യാവർത്തനം, സ്വയം—സംസ്കരണം, സാംസ്കാരികമായ ഒററതിരിയൽ, എന്നിവ ദൈവത്തിനു വിധേയമായി സഭയുടെ നിലനിൽപ്പിനുള്ള കാരണത്തിന്റെ തന്നെ നിഷേധമാണു്.

വൈദികക്കു് മാത്രമായി മാററിവച്ച ഒരു ദൗത്യം എന്ന നിലയിൽ സുവിശേഷ പ്രചാരണത്തെ നിർവചിക്കുന്ന രീതി ഒന്നോടെ അവസാനിപ്പിക്കുകയാണു് ഇതിന്റെ പ്രായോഗികമായ അർത്ഥം. അത്മേനി എന്ന പദത്തിന്റെ പൂർവാർത്ഥം സഭ വീണ്ടും കണ്ടെടുക്കേണ്ടിയിരിക്കുന്നു. പുതിയ നിയമഭാഷയിൽ “അത്മേനി”ദൈവത്തിന്റെ “ജനങ്ങളെ” മുഴുവൻ ഒരൊററ സമൂഹമായി പരിഗണിക്കുന്ന പദമാണു്. വൈദികരും അത്മേനികളും ഒരുമിച്ചു ചേരുമ്പോൾ ദൈവത്തിന്റെ മിഷ്യനറി ജനതയും, അന്ധകാരത്തിൽ നിന്നു് തന്റെ അത്ഭുതപ്രകാശത്തിലേക്കു് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു” (1 പത്രോസ് 2:9)

വിശ്വാസികളുടെ കുടുംബത്തിനുള്ളിൽ വൈദികന്റെയും അത്മേനിയുടെയും ധർമ്മങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. പക്ഷേ സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള വിളിയിൽ നിന്നു് ഇരുക്കൂട്ടർക്കും ഒഴികഴിവില്ല. അത്മേനികളാണു് വാസ്തവത്തിൽ ലോകത്തിലെ സഭ. തന്മൂലം സഭക്കു വെളിയിലുള്ളവർക്കു് സാക്ഷ്യം വഹിക്കുന്നതിനുള്ള പ്രത്യേക ജോലി അത്മേനിയുടേതാണെന്നു പറയുന്നെങ്കിൽ, അതു് പുതിയ നിയമത്തിലെ സഭയുടെ ചിത്രത്തോടു് അനാദരവാകയില്ലെന്നു നിസ്സംശയം പറയാം.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam